കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ഗുരുവായൂർ നഗരസഭ

**2018-2019**

# ഓഡിറ്റ് റിപ്പോർട്ട്

## ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

**E-mail:dotsr.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(എം)502/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ -680 020
ഫോൺ: 0487 2331249
Email: dotsr.ksad@kerala.gov.in
തീയതി:10.06.2020

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ഗുരുവായൂർ നഗരസഭ

സർ,

വിഷയം : ഗുരുവായൂർ നഗരസഭ – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഗുരുവായൂർ നഗരസഭയുടെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട്

പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

<u>പകർപ്പ് :</u>

1) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3)റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊച്ചി (ഉപരിപത്രം സഹിതം)
4)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ.(എം)502/2020 തീയതി .10.06.2020

## തൃശ്ശൂർ ജില്ലയിലെ ഗുരുവായൂർ നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ഗുരുവായൂർ നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 1.4.18 മുതൽ 31.3.19 തീയതി വരെ

വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് 2018-19 വർഷം വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | | ശ്രീ. രാജഗോപാലൻ.സി., ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | | 13/12/2019 മുതൽ 24/12/2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | റഫി ജോൺ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേഡ്) |
| | ഹണി കെ.എസ്. | അസി. ഓഡിറ്റ് ഓഫീസർ |
| | പ്രശാന്ത് ടി.ജി. | അസി.ഓഡിറ്റ് ഓഫീസർ |
| | ഷൈനി കൃഷ്ണദാസ് | അസി.ഓഡിറ്റ് ഓഫീസർ |
| | ചൈതന്യ പുരുഷോത്തമൻ | അസി.ഓഡിറ്റ് ഓഫീസർ |
| | സ്റ്റാൻലി പി.എസ്. | അസി.ഓഡിറ്റ് ഓഫീസർ |
| | സുനിൽകുമാർ കെ.സി. | അസി.ഓഡിറ്റ് ഓഫീസർ |
| | അനീറ്റ ഡോമിനിക് | ഓഡിറ്റർ |
| | മോഹനൻ കെ.എ. | ഓഡിറ്റർ |

**നിർവ്വഹണ അധികാരികൾ**

| | |
|---|---|
| ചെയർമാൻ | |
| പ്രൊഫ പി.കെ ശാന്തകുമാരി | 01/04/2018 – 18/12/2018 |
| ശ്രീ. കെ.പി വിനോദ് (ആക്ടിംഗ് ചെയർമാൻ) | 19/12/2018 മുതൽ 15/01/2019വരെ |
| ശ്രീമതി.വി.എസ് രേവതി | 16/01/2019മുതൽ 31/03/2019വരെ |
| സെക്രട്ടറി | |
| രാജ് ജെ ആർ ( സെക്രട്ടറി ഇൻ ചാർജ്ജ്) | 1.4.18 മുതൽ 23.5.18 വരെ |
| വി പി ഷിബു | 24.05.2018-31.3.2019 |

| | |
|---|---|
| | |

## മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| മുനിസിപ്പൽ എഞ്ചിനീയർ | രാജ് ജെ ആർ | 1.4.18 മുതൽ 31.3.19 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | മുകുന്ദൻ പി | 1.4.18 മുതൽ 8.10.18 വരെ |
| | ശശികല | 9.10.18 മുതൽ 31.3.19 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | മുരളീധരൻ .സി | 1.4.18 മുതൽ 30.4.18 വരെ |
| | | 1.5.18 മുതൽ 17.6.18 വരെ |
| | വിജയകുമാരി | 18.6.18 മുതൽ 31.3.19 വരെ |
| വെറ്ററിനറി സർജൻ(പൂക്കോട്) | നിർമ്മൽ | 1.4.18 മുതൽ 31.3.19 വരെ |
| അഗ്രികൾച്ചർ ഫീൽഡ് ഓഫീസർ | രാമകൃഷ്ണൻ | 1.4.18 മുതൽ 31.3.19 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഷംസാദ്.എം | 1.4.18 മുതൽ 10.10.18 FN വരെ |
| | സബിത | 10.10.18 AN മുതൽ 31.3.19 വരെ |
| ചീഫ് മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. മഹാലിംഗേശ്വര | 1.4.18 മുതൽ 31.3.19 വരെ |
| മെഡിക്കൽ ഓഫീസർ , പൂക്കോട് | ഡോ. ലസിത | 1.4.18 മുതൽ 31.3.19 വരെ |
| ഹെഡ്മിസ്ട്രസ് | ലതിക | 1.4.18 മുതൽ |

| | | |
|---|---|---|
| ജി.യു.പി.എസ്. | | 31.3.19 വരെ |
| പ്രൊജക്റ്റ് ഓഫീസർ, പി.എ.യു. | അബ്ദുൾ ഖാദർ | 1.4.18 മുതൽ 8.7.18 വരെ |
| | പ്രദീപ്.എം | 9.7.18 മുതൽ 31.3.19 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീജ | 1.4.18 മുതൽ 31.3.19 വരെ |
| പ്രിൻസിപ്പൽ, ജി.എച്ച്.എസ്.എസ്. ഗുരുവായൂർ | ബീന | 1.4.18 മുതൽ 31.3.19 വരെ |
| ഹെഡ് മാസ്റ്റർ, ജി.എച്ച്.എസ്. | ഉഷ | 1.4.18 മുതൽ 31.3.19 വരെ |
| ഹെൽത്ത് സൂപ്പർവൈസർ | ഗോപാലൻ | 1.4.18 മുതൽ 17.7.18 വരെ |
| | മൂസക്കുട്ടി | 18.7.18 മുതൽ 31.3.19 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | അയ്യങ്കാളിതൊഴിലുറപ്പു പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | രശീത് ബുക്ക് നഷ്ടപ്പെട്ടതും, രസീത് ബുക്ക് കളക്ഷൻ രജിസ്റ്റർ അപാകതകളും | 1-12 |
| 13 | രശീതുബുക്കുകൾ -മറ്റു പരാമർശങ്ങൾ | 1-13 |

| | | |
|---|---|---|
| 14 | കാഷ്ബുക്ക് - അപാകത | 1-14 |
| 15 | ബൈലോകൾ - അംഗീകാരം വാങ്ങിയിട്ടില്ല | 1-15 |
| 16 | തൊഴിൽനികുതി - അപാകതകൾ | 1-16 |
| 17 | കെട്ടിടമുറിവാടക-അപാകതകൾ | 1-17 |
| 18 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല | 1-18 |
| 19 | ഡി ആന്റ് ഒ ലൈസൻസ് - അപാകതകൾ | 1-19 |
| 20 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കേണ്ടതാണ് | 1-20 |
| 21 | വസ്തുനികുതി – അപാകതകൾ | 1-21 |
| 22 | സഞ്ചയ സോഫ്റ്റ്‌വെയറിലെ അപാകതകൾ | 1-22 |
| 23 | ഗുരുവായൂർ ദേവസ്വം നഗരസഭയ്ക്ക് നൽകേണ്ടുന്ന അംശദായം - തുടർ വർഷങ്ങളിൽ കൃത്യമായി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-23 |
| 24 | കെട്ടിട നിർമ്മാണ പെർമിറ്റ് നിശ്ചിത കാലാവധിക്കുള്ളിൽ പുതുക്കുന്നില്ല | 1-24 |
| 25 | കെട്ടിട നിർമ്മാണ പെർമിറ്റ് - ക്രമവത്കരണ ഫീസ് കുറവ് ഈടാക്കി | 1-25 |
| 26 | അഗ്നിസുരക്ഷാ മാനദണ്ഡം - സാക്ഷ്യപത്രം ഉറപ്പാക്കിയില്ല | 1-26 |
| 27 | അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട രജിസ്റ്റർ സൂക്ഷിക്കുന്നതിലെയും ക്രമവത്കരിക്കുന്നതിലെയും അപാകതകളും അനധികൃത നിർമ്മാണത്തിന്മേലുള്ള വസ്തു നികുതി നിർണ്ണയവും | 1-27 |
| 28 | അനധികൃതമായി ഫ്ലാറ്റുകൾ വാടകയ്ക്ക് നൽകുന്നത് - തുടർ നടപടികൾ അറിയിക്കേണ്ടതാണ് | 1-28 |
| 29 | അനധികൃത നിർമ്മാണം - തുടർനടപടികൾ അറിയിക്കേണ്ടതാണ് | 1-29 |
| 30 | വരുമാന നഷ്ടം - നടപടികൾ ക്ഷണിക്കുന്നു | 1-30 |
| 31 | ട്രഷറി അക്കൗണ്ടുകളിൽ നിന്നും തുകകൾ അഡ്വാൻസ് ആയി ചെലവ് രേഖപ്പെടുത്തി - വൗച്ചറുകൾ ഹാജരാക്കിയില്ല | 1-31 |
| 32 | സർക്കാർ ലക്ഷ്യങ്ങൾ ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള നടപടികളുടെ അഭാവം | 1-32 |
| 33 | പൊതുസ്വഭാവമുള്ള പദ്ധതികൾ | 1-33 |

| | | |
|---|---|---|
| | വ്യത്യസ്ത ഉദ്യോഗസ്ഥർ നിർവ്വഹണം നടത്തുന്നത് അഭിലഷണീയമല്ല | |
| 34 | ജൈവവൈവിധ്യ രജിസ്റ്റർ ഡിജിറ്റൈസ് (ഇ -പി.ബി.അർ) ചെയ്യാൻ ദിവസവേതനത്തിൽ പ്രത്യേക നിയമനം നടത്തി | 1-34 |
| 35 | മാലിന്യസംസ്കരണത്തിന് വാഹനം വാങ്ങൽ പദ്ധതി - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല | 1-35 |
| 36 | ഫർണ്ണിച്ചർ വാങ്ങുന്നതിന് ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ചു | 1-36 |
| 37 | യോഗപരിശീലനം - അധിക ഓണറേറിയം നൽകി | 1-37 |
| 38 | തായ്കൊണ്ടോ പരിശീലനപദ്ധതി - അപാകതകൾ | 1-38 |
| 39 | പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മോട്ടിവേഷൻ ക്ലാസ്സ് - ട്രയിനർ അംഗീകരിക്കപ്പെട്ട പാനലിലുൾപ്പെട്ടതാണോയെന്ന് വ്യക്തമല്ല | 1-39 |
| 40 | മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-40 |
| 41 | മേശ,കസേര വിതരണം -- രേഖകൾ ഹാജരാക്കിയില്ല | 1-41 |
| 42 | പി എം എ വൈ പദ്ധതി | 1-42 |
| 43 | രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-43 |
| 44 | അമൃത് പദ്ധതി | 1-44 |
| 45 | ഹയർ സെക്കന്ററി തുല്യതാ കോഴ്സിനു ഫീസ് നൽകൽ- രേഖകൾ ഹാജരാക്കിയിട്ടില്ല- 112500രൂപ തടസ്സപ്പെടുത്തുന്നു | 1-45 |
| 46 | ആധുനിക രീതിയിലുള്ള ശ്രവണ സഹായികൾ വാങ്ങുന്നതിനും മെയിന്റനൻസ് നടത്തുന്നതിനും വേണ്ടിയുള്ള ധനസഹായം-ചെലവ് രേഖകളുടെ അഭാവത്തിൽ 139040 രൂപ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-46 |
| 47 | മനക്കണ്ണ് -(വനിത)-പദ്ധതി ചെലവ് രേഖകളുടെ അഭാവത്തിൽ 187600 രൂപ തടസ്സപ്പെടുത്തുന്നു | 1-47 |
| 48 | വിവിധ പ്രവൃത്തികൾക്കായി അനുവദിച്ച മുൻകൂർ തുകകൾ ക്രമീകരിക്കാത്തത് - നിലവിലുള്ള നിയമവ്യവസ്ഥക്ക് വിരുദ്ധം | 1-48 |
| 49 | കുറഞ്ഞനിരക്കിലുള്ള ടെണ്ടറുകളുടെ നിരാസം - | 1-49 |

| | | |
|---|---|---|
| | ഉദ്യോഗസ്ഥർ ശരിയായ നടപടികൾ എടുത്തില്ല. | |
| 50 | ദാരിദ്ര്യ ലഘൂകരണഫണ്ട് - രൂപീകരിക്കാത്തത് സംബന്ധിച്ച് | 1-50 |
| 51 | ടെണ്ടർ നടപടിക്രമങ്ങൾ - നിയമനിഷ്ക്കർഷ പാലിക്കാത്തത് സംബന്ധിച്ച് | 1-51 |
| ഭാഗം 2 | | |
| 52 | കെട്ടിട നിർമ്മാണ പെർമിറ്റ് - ക്രമവത്കരണ ഫീസ് കുറവ് ഈടാക്കി | 2-1 |
| ഭാഗം 3 | | |
| 53 | യോഗപരിശീലനം - അധിക ഓണറേറിയം നൽകി | 3-1 |
| ഭാഗം 4 | | |
| 54 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 55 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 56 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 57 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 58 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 59 | ഓഡിറ്റ് റിക്കവറി | 4-6 |
| 60 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 61 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 62 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 63 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 64 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 65 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

• ..
..

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 23/03/2018 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.അതു പ്രകാരം പ്രതീക്ഷിത വരവ് ₹ 2,29,46,83,888/- ഉം പ്രതീക്ഷിത ചെലവ് ₹2,20,43,28,177/- ഉം ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 02.08.2019 | 06.08.2019 | 16.10.2019 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16,23,72,551.92 |
| വരവ് | 1,16,88,72,572 |
| ആകെ | 1331245123.92 |
| ചെലവ് | 1,07,30,34,696 |
| നീക്കിയിരിപ്പ് | 25,82,10,427.92 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 76249249 | 76249249 | 55144734 | 21104515 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 10685000 | 10685000 | 10041247 | 643753 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 519000 | 519000 | 122076 | 396924 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 34760000 | 34760000 | 28622576 | 6137424 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 13696000 | 13696000 | 8494767 | 5201233 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 62971000 | 62971000 | 49850023 | 13120977 |

| (ACR പ്രകാരം) | | | | | |
|---|---|---|---|---|---|

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 344 | 248868022 | 218 | 152197739 | 2019-20 SO Project-97 | 29 | 61.15 |

## 1-6 അയ്യങ്കാളി തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1209156 | 0 | 1209156 | 442801 | 766355 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 5000000+ 131649 (93417+38232) | 5131649 | 2840908 (2506610+ 334298) | 2290741 |

## 1-7 ക്ഷേമപദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവുതുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 77760 | 132 |
| കർഷകതൊഴിലാളി പെൻഷൻ | 6987100 | 648 |
| വിധവാപെൻഷൻ | 33054700 | 2873 |
| വാർദ്ധക്യകാലപെൻഷൻ | 61366800 | 5427 |
| വികലാംഗപെൻഷൻ | 8240400 | 697 |
| 50 വയസ്സിന്മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2648400 | 238 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 180000 | 6 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.12.2019 തീയതിയിൽ 3.00 പി.എം ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 76616/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1997-ലെ കേരള മുനിസിപ്പാലിറ്റി(പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ, ചട്ടം 13 പ്രകാരം വാർഷിക ഓഡിറ്റിൽ മുനിസിപ്പാലിറ്റിയുടെ ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച് എല്ലാ കാര്യങ്ങളും പരിശോധിക്കുന്നതോടൊപ്പം നടപടിക്രമം പാലിച്ചുകൊണ്ടുതന്നെയാണൊ ചെലവ് ചെയ്തിട്ടുള്ളതെന്നും ഭരണപരമായ കാര്യക്ഷമത, നഗരസഭയുടെ സാമ്പത്തിക അച്ചടക്കം എന്നിവയെ സംബന്ധിച്ച് പ്രത്യേക ശ്രദ്ധചെലുത്തേണ്ടതാണെന്നും നിഷ്ക്കർഷിക്കുന്നുണ്ട്. ഗുരുവായൂർ മുനിലിപ്പാലിറ്റിയുടെ2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനയിൽ കണ്ടെത്തിയ താഴെ പറയുന്ന വിഷയങ്ങളിലേക്ക് നഗരസഭാ അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

- രശീതി ബുക്കുകളുടെ സൂക്ഷിപ്പ്, കളക്ഷൻ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ എന്നിവ സംബന്ധിച്ച് ഏറെ അപാകതകൾ കാണുന്നുണ്ട്. മേൽനോട്ട ഉദ്യോഗസ്ഥരുടെ കൂടുതൽ ജാഗ്രത്തായ സമീപനം ഈ വിഷയത്തിൽ ഉണ്ടാകേണ്ടതുണ്ട്. (ഖ.1-12,1-13 കാണുക)

- നഗരസഭയുടെ വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും മോണിട്ടർ ചെയ്യുകയും, നഗരസഭ ഭരമേൽപ്പിക്കുന്ന മറ്റ് അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുകയും ചെയ്യേണ്ട സ്റ്റിയറിങ്ങ് കമ്മിറ്റിയുടെ മിനിറ്റ്സ് പരിശോധനക്കായി ഹാജരാക്കിയില്ല.

- 1997-ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും)ചട്ടങ്ങളിലെ ചട്ടം10(11) പ്രകാരം ടെണ്ടറുകൾ സ്വീകരിക്കുന്നതിന് അധികാരപ്പെട്ട അധികാരസ്ഥാനം അതായത് നഗരസഭാ കൗൺസിൽ, ടെണ്ടറുകൾ തുറന്ന തീയ്യതി മുതൽ 10 ദിവസത്തിനകം അവയിൽ തീരുമാനമെടുക്കേണ്ടതാണ്. എന്നാൽ ഇത്തരം നിയമ നിഷ്ക്കർഷ ചില മരാമത്ത് പ്രവൃത്തികളുടെയെങ്കിലും കാര്യത്തിൽ പാലിച്ചതായി കാണുന്നില്ല.

- പണം സൂക്ഷിക്കുന്നതിനുള്ള കാഷ് ചെസ്റ്റ് സുരക്ഷിതമായി സ്ഥാപിച്ചിട്ടില്ല.

- സെക്യൂരിറ്റി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

- പുതിയ നികുതി നിർദ്ദേശങ്ങളൊന്നുംതന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.

- സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യുർമെന്റ് പ്ലാനും ബജറ്റും നഗരസഭ തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി നഗരസഭ അവലംബിച്ചു കാണുന്നു. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റേയും അന്തിമമാക്കുന്നതിന്റേയും പ്രധാന ചുമതല പ്രൊക്യുർമെന്റ്ടീമിനാണ്. പ്രൊക്യുർമെന്റ് ടീമിനെ നയിക്കേണ്ടതും ടീമിന്റെ മേൽനോട്ടം വഹിക്കേണ്ടതും പ്രൊക്യുർമെന്റ് കമ്മിററിയാണ്. എന്നാൽ ഗുരുവായൂർ നഗരസഭയിൽ പ്രൊക്യുർമെന്റ് കമ്മിറ്റി രൂപീകരിച്ചതായി കാണുന്നില്ല.

- നഗരസഭയുടെ ആസ്തിരജിസ്റ്റർ പരിശോധിച്ചതിൽ നിന്നും രജിസ്റ്റർ സൂക്ഷിച്ചിരിയ്ക്കുന്നത് സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിച്ചല്ല എന്ന് വ്യക്തമാണ്. ആസ്തിരജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണവുമാണ്. പുതിയതായി ആർജ്ജിച്ചതോ കൈയ്യൊഴിഞ്ഞതോ ആയ ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്ററുകൾ നാളിതുവരെ പുതുക്കി സർക്കാർ സർക്കുലറിൽ പറഞ്ഞ പ്രകാരമുള്ള ഫാറങ്ങൾ സൂക്ഷിയ്ക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

- സംസ്ഥാന സർക്കാരിൽനിന്നും കൈമാറ്റം ചെയ്ത് കിട്ടിയതുൾപ്പെടെ തദ്ദേശഭരണസ്ഥാപനങ്ങളുടെ അധീനതയിലുള്ള ആസ്തികൾ സംരക്ഷിക്കുന്നതിലും തദ്ദേശഭരണസ്ഥാപനങ്ങളുടെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി കൈയ്യേറുന്നത് തടയുന്നതിനുമായി സർക്കാർ നിരവധി സർക്കുലറുകളും ഉത്തരവുകളും

പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത സർക്കുലറുകളിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടതായി കാണുന്നില്ല.

- റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിററി പദ്ധതിയും തയ്യാറാക്കിയിട്ടില്ല.

നഗരസഭയുടെ പദ്ധതി നിർവ്വഹണം, നികുതി-നികുതിയേതര പിരിവുകൾ, മറ്റ് ചെലവുകൾ, പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ എന്നിവ കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് കൂടുതൽ നിർദ്ദേശങ്ങളും സഹായങ്ങളും നൽകി ഭരണം കൂടുതൽ ജനോപകാരപ്രദമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ്കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 22/08/2016 to 27/08/16 വരെ | 2015-16 | 18/11/2015 |
| അക്കൗണ്ടന്റ് ജനറൽ | 18/11/2019-02/12/2019 | 2017-2018 to 2018-19 | |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1. വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58)

2. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-1ൽ 310100100- General Fund, 310900100 – Excess of Income over expenditure എന്നിവയുടെ 31-03-2018-ലെ നീക്കിയിരിപ്പല്ല 01-04-2018ലെ മുന്നിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്നത്.

| ക്രമ നം. | ശീർഷകം | 31.03.18-ലെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് | 2018-19-ലെ ട്രയൽ ബാലൻസ് പ്രകാരമുള്ള മുന്നിരിപ്പ് |
|---|---|---|---|
| 1 | 310100100-General Fund | 809892.74 | 35292276.77 |
| 2 | 310900100-Excess of income over expenditure | 83854285.00 | 49371900.97 |

3. വാർഷിക കണക്കിലുൾപ്പെടുത്തിയിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ മാസാന്ത്യ റീകൺസീലിയേഷൻ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. മാർച്ച് മാസത്തെ (31-03-2019) റീകൺസീലിയേഷൻ പത്രിക മാത്രമാണ് ഓഡിറ്റിന് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്.

4. താഴെ പറയുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ പാസ് ബുക്ക്/സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

| | ബാങ്ക് | വാർഷിക കണക്കു പ്രകാരം 31-03-2019-ലെ നീക്കിയിരിപ്പ് |
|---|---|---|
| 1 | PNB - IHSDP | 2,44,705/- |
| 2 | കാനറ ബാങ്ക് - NRY | 3,000/- |
| 3 | TPA-217 കണ്ടിജന്റ് പെൻഷൻ | 9,316/- |
| 4 | കാനറ ബാങ്ക് - | 33,37,333/- |

| | | |
|---|---|---|
| | റഗുലർ പെൻഷൻ | |
| 5 | ഇന്ത്യൻ ബാങ്ക് - INR | 0.30 |
| 6 | TDCB - 27 | 47745/- |
| 7 | SBT Own fund | 813549/- |

5. വസ്തു നികുതി, വിവിധ വാടക ഇനങ്ങൾ, ലേലം, ബിൽഡിങ്ങ് പെർമിറ്റ് എന്നിവയുടെ ഡി.സി.ബി. തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കുമായി ഒത്തുനോക്കി കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

6. (1) ഡി & ഒ ലൈസൻസ്, കളക്ഷൻ, ബാലൻസ് എന്നിവ വാർഷിക കണക്കും, ഡി&ഒ രജിസ്റ്ററുമായി താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| വാർഷിക കണക്ക് പ്രകാരം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| | 14,44,650 | 4,36,775 (കറന്റ്)<br>9,90,905(അഡ്വാൻസ്)<br>-----------------------<br>14,27,680 | 16,970 |
| ഡി&ഒ രജിസ്റ്റർ പ്രകാരം | 14,44,650 | 14,33,580 | 11,070 |

(2) ഡി&ഒ കുടിശ്ശിക ഡിമാന്റ്, കളക്ഷൻ, ബാലൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

7. ജനറൽ പർപ്പസ് ഫണ്ട് ACR പ്രകാരവും STSB own fund a/c no.16 പ്രകാരവും ആകെ വരവ് 31047539/- രൂപയാണ്. വാർഷിക കണക്ക് പ്രകാരം ജനറൽ പർപ്പസ് ഫണ്ടിനത്തിൽ (RP-6) 28222184/- രൂപയും (160100500) സ്പെഷ്യൽ ഗ്രാന്റായി 25 ലക്ഷം രൂപയും (160101100) വരവ് രേഖപ്പെടുത്തിയിരിക്കുന്നു. 325355/- രൂപ ഉൾപ്പെടുത്തി കാണുന്നില്ല.

8. RP-6, RP-24 എന്നിവയിൽ ഉൾപ്പെടുത്തിയിരിക്കുന്ന താഴെ പറയുന്ന ഹെഡുകളുടെ വരവിന്റെ വിശദാംശങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

| | ഹെഡ് | ഇനം | തുക |
|---|---|---|---|
| 1 | 160101200 | ലൈബ്രറി ഗ്രാന്റ് | 13610/- |
| 2 | 160101400 | ഫ്ലഡ് റിലീഫ് ഗ്രാന്റ് | 45000/- |
| 3 | 160101500 | ഗ്രാന്റ് ഫോർ ഫെസ്റ്റിവൽസ് | 35000/- |
| 4 | 160200100 | Reimbursement of expenses | 40/- |
| 5 | 160300100 | Contribution towards schemes | 7839000/- |
| 6 | 320100100 | Grants, contribution for specific purposes, Central Government | 687443628/- |
| 7 | 320300100 | Other Government agencies | 50000/- |
| 8 | 320809900 | Other grants and contributions for specific purposes | 88966000/- |

9. ഡെപ്പോസിറ്റ്, അഡ്വാൻസ്, ലോൺ, സ്റ്റോക്ക് എന്നിവയുടെ രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനങ്ങളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

10. ബാലൻസ്ഷീറ്റ് B-4 ഷെഡ്യൂളിൽ ഉൾപ്പെട്ട താഴെ പറയുന്ന ഇനങ്ങളുടെ ACR തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ അവയുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

| | ഹെഡ് | ഇനം | തുക |
|---|---|---|---|
| 1 | 320100100 | Grants, Contribution for specific purposes, central Government | 75943175 |
| 2 | 320200107 | Development fund – Road renovation Addition Fund - Capital | 132000 |

| | | | |
|---|---|---|---|
| 3 | 320200500 | Capital Grant under UIDSMT | 27310159 |
| 4 | 320801000 | Beneficiary contribution | 8455153 |
| 5 | 320802000 | Grant for projects | 13178325 |
| 6 | 320809900 | Other Grants and contributions for specific purposes | 28302841 |

11. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-12 ഇൻവെസ്റ്റ്മെന്റ്സ് ജനറൽ ഫണ്ട് ഇനത്തിൽ 569063 രൂപ കാണിച്ചിട്ടുണ്ട്. ഇതിൽ 69063/- രൂപയുടെ ഫിക്സഡ് ഡെപ്പോസിറ്റ് രശീതി ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ 5 ലക്ഷം രൂപയുടെ ഇൻവെസ്റ്റ്മെന്റ്സ് - ഇക്വിറ്റി ഷെയർ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

12. (1) മുൻ എഞ്ചിനീയറുടെ പ്രോജക്റ്റ് രജിസ്റ്റർ പ്രകാരം 52 പ്രവൃത്തികൾക്ക് 2018-19 വർഷം പാർട്ട് പേമെന്റ് നൽകിയതായി കാണുന്നു. പാർട്ട് പേമെന്റുകൾ രേഖപ്പെടുത്തുന്നതിനുള്ള ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് (B-11, 412300100) എന്ന ശീർഷകത്തിൽ 2017-18ലും 2018-19ലും ഒരേ തുക തന്നെ (14378840) രേഖപ്പെടുത്തിയിരിക്കുന്നു. പാർട്ട് പേമെന്റ് തുകകൾ ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

13. 31-03-2018-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-3 പ്രകാരം capital contribution എന്ന ഇനത്തിലെ അതേ തുകയാണ് 31-03-2019-ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസന ഫണ്ടുൾപ്പെടെയുള്ള പ്രത്യോകോദ്ദേശ ഗ്രാന്റ് ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം capital contribution എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇത് മൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ട് പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു.

14. ഡിപ്രീസിയേഷൻ കണക്കാക്കിയത് I&E അക്കൗണ്ടിൽ I-17A ഫേസിങ്ങ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ ഷെഡ്യൂൾ ഉൾപ്പെട്ടു കാണുന്നില്ല.

15. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

16. ഇൻകം & എക്സ്പെന്റിച്ചർ I-18 പ്രകാരം (period item) ഉൾപ്പെട്ട 280209900 prior period other income എന്ന ശീർഷകത്തിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ 506006/- എന്ന തുകക്ക് അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, വർക്ക്ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

17. ഇൻകം & എക്സ്പെന്റിച്ചർ I-16 പ്രകാരം provisions and write off ആയി രേഖപ്പെടുത്തിയിരിക്കുന്ന 1169948/- രൂപയുടെ കൃത്യത പരിശോധിക്കുന്നതിന് കാൽക്കുലേഷൻ ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

# 1-12 രശീത് ബുക്ക് നഷ്ടപ്പെട്ടതും, രസീത് ബുക്ക് കളക്ഷൻ രജിസ്റ്റർ അപാകതകളും

1) **രസീത് ബുക്ക് ലഭ്യമല്ലാത്തതിനാൽ മേൽ കാലയളവിലെ തുകയുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല**

ശ്രീ ഗംഗേഷ് ആർ.ഐ, ശ്രീമതി ആതിരക്ക് (സി.എൽ.ആർ) 12.02.2019 ന് അനുവദിച്ച രസീത് ബുക്ക് 427 (രസീത് നം. 42601 മുതൽ 42692 വരെ) ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കുവാൻ 16.02.2019 ന് ഓഡിറ്റ് എൻക്വയറി (നമ്പർ 02/2019) നൽകിയതിന് 17.02.2019 ന് സെക്രട്ടറി നൽകിയ മറുപടിയും, ഫയലും (R1/3109/19) പരിശോധിച്ചതിൽ നിന്നും രസീത് ബുക്ക് നഷ്ടപ്പെട്ടത് കണ്ടെത്തുന്നതിന് വിവിധ സെക്ഷനുകളിൽ സെർച്ച് മെമ്മോ നൽകുകയും വിവരം ലഭ്യമല്ലാത്തതിനാൽ മേൽ രസീത് ബുക്ക് കണ്ടെത്തുന്നതിന് പോലീസിലും, പത്രമാധ്യമങ്ങളിലും അറിയിച്ചിട്ടുള്ളതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. (പ്രസ്തുത രസീത് ബുക്ക് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്ന് പോലീസിൽ നിന്നും അറിയിപ്പും ലഭിച്ചിട്ടുണ്ട്. രസീത് ബുക്ക് ലഭ്യമാകുന്ന

മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും സെക്രട്ടറി മറുപടിയിൽ അറിയിച്ചിട്ടുണ്ട്.
427 നമ്പർ രസീത് ബുക്കിന്റെ കളക്ഷൻ രജിസ്റ്ററിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

| രസീത് ബുക്ക് | രസീതി നമ്പർ | തീയതി | തുക |
|---|---|---|---|
| *420 | 41993 മുതൽ 42200 വരെ | 12.02.2019 | 1,57,809 |
| 427 | 42601 മുതൽ 42632 വരെ | 12.02.2019 | |
| 427 | 42633 മുതൽ 42683 വരെ | 13.02.2019 | 2,07,217 |
| 427 | 42684 മുതൽ 42692 വരെ | 14.02.2019 | 31,395 |
| ആകെ | | | 3,96,421 |

(*രസീത് ബുക്ക് 420 പരിശോധിച്ചിട്ടുള്ളതാണ്.)

2) **രസീത് ബുക്ക് കളക്ഷൻ രജിസ്റ്റർ അപാകതകൾ**

തൈക്കാട് സോണൽ ഓഫീസ്, പൂക്കോട് സോണൽ ഓഫീസ് എന്നിവയുടെ ചില രസീത് ബുക്കുകൾ, കളക്ഷൻ രജിസ്റ്റർ എന്നിവയിൽ തുകകൾ അക്കത്തിലും അക്ഷരത്തിലും വെട്ടും, തിരുത്തും വരുത്തിയിരിക്കുന്നു.

തൈക്കാട് സോണൽ ഓഫീസിലെ ചില രസീത് ബുക്കിലേയും, കളക്ഷൻ രജിസ്റ്ററിലേയും തുകകളിൽ വ്യത്യാസം കാണുന്നു. രസീത് ബുക്കിലേയും കളക്ഷൻ രജിസ്റ്ററിലേയും വ്യത്യാസം താഴെ ചേർക്കുന്നു.

| രസീത് ബുക്ക് | രസീത് നമ്പർ | തീയതി | തുക രസീത് ബുക്ക് | തുക കളക്ഷൻ രജിസ്റ്റർ |
|---|---|---|---|---|
| *422 | 42157 | 19.02.2019 | 500 | 400 |
| 423 | 42293 | 22.02.2019 | 341 | 324 |
| 450 | 44952 | 28.02.2019 | 1270 | 1268 |
| 515 | 51425 | 29.03.2019 | 200 | 100 |
| *206 | 20504 | 04.07.2018 | 20 | 10 |
| *280 | 27915 | 24.09.2018 | 30 | NIL |

പൂക്കോട് സോണൽ ഓഫീസിലെ രസീത് ബുക്ക് 522 (രസീത് നമ്പർ 52108 മുതൽ 52155 വരെ) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-13 രശീതുബുക്കുകൾ -മറ്റു പരാമർശങ്ങൾ

1) രശീതുബുക്കുകൾ സ്റ്റോക്കിലെടുക്കുന്നതിലെ അപാകതകൾ

i) രശീതുബുക്കുകൾ മുനിസിപ്പാലിറ്റിയിൽ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോർകീപ്പർ സ്റ്റോക്കിലെടുക്കുന്നുണ്ട്. എന്നാൽ രശീതുബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ ആയത് ചേർക്കുന്നില്ല. രശീതുബുക്കുകൾ ലഭ്യമാകുമ്പോൾത്തന്നെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതും ബാലൻസ് രശീതുബുക്കുകളുടെ ഒപ്പം കൂട്ടി, അതിൽനിന്നും തുടർന്ന് രശീതുബുക്കുകൾ എടുക്കുന്ന മുറയ്ക്ക് എണ്ണം കുറവു ചെയ്യേണ്ടതുമാണ്.

ii) സാമ്പത്തിക വർഷാവസാനം സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

iii) സാംഖ്യ, സൂചിക രശീതുകൾ സ്റ്റോർകീപ്പർ സ്റ്റോക്കിലെടുത്ത് ക്ലർക്ക്/കാഷ്യർക്ക് മൊത്തമായി (ഉദാ:-50,000 എണ്ണം) നല്കിവരുന്നതാണ് മുനിസിപ്പാലിറ്റിയിൽ തുടർന്നു വരുന്ന രീതി. എന്നാൽ തുടർന്ന് രശീതികളുടെ എണ്ണം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ഉപയോഗിക്കുന്നതിനനുസരിച്ച് കുറവുചെയ്യുകയോ ചെയ്യുന്നില്ല. ആയതിനാൽ സാംഖ്യ, സൂചിക രശീതുകളുടെ നിലവിലെ സ്റ്റോക്ക് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

2) 85 രശീതുബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

നഗരസഭ കാര്യാലയത്തിനും, തൈക്കാട്, പൂക്കോട് സോണൽ ഓഫീസുകൾക്കും കൂടിയായി 01.04.2018 മുതൽ 31.3.2019 വരെയുള്ള കാലയളവിൽ ആകെ 400 രസീത് ബുക്കുകൾ

അനുവദിച്ചിട്ടുള്ളതിൽ 85 രശീതുബുക്കുകൾ ഹാജരാക്കാത്തതിനാൽ പരിശോധിക്കാൻ സാധിച്ചില്ല.

താഴെക്കൊടുത്തിരിക്കുന്ന നമ്പറുള്ള രശീതുബുക്കുകളാണ് ലഭ്യമാകാത്തത്:
നഗരസഭ കാര്യാലയം – 132, 244, 260, 421, 500

തൈക്കാട് സോണൽ ഓഫീസ് - 223, 233, 273, 274, 367, 397, 398, 412, 425, 426, 439, 441, 526

പൂക്കോട് സോണൽ ഓഫീസ് - 136, 137, 141, 142, 143, 144, 145, 275, 276, 166, 210, 219, 220, 228, 231, 239, 246, 249, 250, 251, 256, 258, 272, 275, 276, 277, 294, 295, 297, 300, 301, 303, 304, 323, 324, 328, 329, 330, 372, 373, 374, 375, 378, 380, 386, 387, 389, 390, 393, 403, 522, 523, 524
ലൈബ്രേറിയൻ, പൂക്കോട് -240,469
JHI-293, 342, 364, 458, 131, 176, 225

HI – 348, 349, 350, 351, 353

3) കളക്ഷൻ രജിസ്റ്റർ ലഭ്യമാക്കാത്തതിനാൽ രശീതുബുക്ക് നം.232 പരിശോധിക്കാൻ സാധിച്ചില്ല.
4) രശീതുബുക്കുകളുടെ ഉപയോഗിക്കാത്ത പേജുകൾ ക്യാൻസൽ ചെയ്തിട്ടില്ല.
ഉദാ:- രശീത് നം. 530 –ന്റെ 12 രശീതുകൾ മാത്രമേ ഗുണഭോക്താക്കൾക്ക് നല്കിയിട്ടുള്ളു. ബാക്കി 88 പേജുകൾ ക്യാൻസൽ ചെയ്തിട്ടില്ല.
5) രശീതുകൾ ക്യാൻസൽ ചെയ്യുമ്പോൾ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

ഉദാ:-

| രശീതുബുക്ക് നം. | രശീത് നം |
|---|---|
| 487 | 48622 |
| 498 | 49740 |
| 207 | 20636 |
| 292 | 29176 |

## 1-14 കാഷ്ബുക്ക് - അപാകത

2007ലെ കേരള മുനിസിപ്പാലിറ്റി(അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 5(2) പ്രകാരം ബാങ്കിൽനിന്നോ ട്രഷറിയിൽനിന്നോ ഉള്ള പിൻവലിക്കലുകൾ ഉൾപ്പെടെ കാഷ് രൂപത്തിലുള്ള എല്ലാ പണം വാങ്ങലുകളും കാഷ്ബുക്കിന്റെ ഡെബിറ്റ് ഭാഗത്ത് രേഖപ്പെടുത്തേണ്ടതാണ്. അതുപോലെ തന്നെ ബാങ്കിലോ ട്രഷറിയിലോ ഒടുക്കുന്നത് ഉൾപ്പെടെ കാഷ് രൂപത്തിലുള്ള എല്ലാ പണം കൊടുക്കലുകളും കാഷ്ബുക്കിന്റെ ക്രെഡിറ്റ് ഭാഗത്തും രേഖപ്പെടുത്തേണ്ടതാണ്. മേൽ ചട്ടം 5(4) പ്രകാരം ഓരോ ദിനാന്ത്യത്തിലും സെക്രട്ടറി കാഷ്ബുക്കിലെ രേഖപ്പെടുത്തലും നീക്കിയിരിപ്പും പരിഗണിക്കേണ്ടതും കാഷ്ബുക്കിൽ ഒപ്പ് വെക്കേണ്ടതുമാണ്. കാഷ്യറുടെ കൈവശമുള്ള കാഷ്ബാലൻസും കാഷ്ബുക്കിൽ രേഖപ്പെടുത്തിയ ബാലൻസും ഓരോ ദിനാന്ത്യത്തിലും പരിശോധിച്ച് സെക്രട്ടറിയോ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ കാഷ്ബുക്കിൽ സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ പല ദിവസങ്ങളിലും കളക്ഷൻ തുകകൾ കാനറാ ബാങ്ക്, ഗുരുവായൂർ ശാഖയിലെ തനത് ഫണ്ട് അക്കൗണ്ടിൽ അടവാക്കിയതായി കാണുന്നുണ്ടെങ്കിലും അതേ ദിവസങ്ങളിലെ കാഷ്ബുക്ക് പരിശോധിച്ചതിൽ തുക ബാങ്കിൽ അടവാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ ബാങ്കിൽ അടവാക്കിയ തുകയും കാഷ്ബുക്കിന്റെ ദിനാന്ത്യ നീക്കിയിരിപ്പിൽ ഉൾപ്പെടുവാനിടയായിട്ടുണ്ട്.

| തീയതി | കാഷ്ബുക്കിലെ ക്ലോസിംഗ് ബാലൻസ് തുക | ബാങ്കിൽ പണം അടവാക്കിയതിന്റെ കോൺട്രാ എൻട്രി വരുത്തിയത് |
|---|---|---|
| 10.12.2018 | 245666 | - |
| | | |

| | | |
|---|---|---|
| 11.12.2018 | 323202 | - |
| 12.12.2018 | 495748 | - |
| 13.12.2018 | 632848 | - |
| 14.12.2018 | 639590 | - |
| 15.12.2018 | 781655 | - |
| 17.12.2018 | 337469 | 639590 |

കളക്ഷൻ തുക പിറ്റേ ദിവസം തന്നെ ബാങ്കിൽ അടവാക്കിയിരുന്നെങ്കിലും സാംഖ്യ സോഫ്റ്റ് വെയറിൽ കോൺട്രാ എൻട്രി ചെയ്യാതിരുന്നതു മൂലമാണ് ഇപ്രകാരം സംഭവിച്ചത്. കാഷ്ബുക്കിൽ ഇതുപോലെ പലപ്പോഴും ആവർത്തിച്ചിട്ടുണ്ട്. തുക ബാങ്കിൽ അടവാക്കുന്ന ദിവസം തന്നെ കോൺട്രാ എൻട്രി വരുത്തി ദിനാന്ത്യ നീക്കിയിരിപ്പ് കൃത്യമാക്കുന്നതിന് ജാഗ്രത പുലർത്തേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-15 ബൈലോകൾ - അംഗീകാരം വാങ്ങിയിട്ടില്ല

1. ഷോപ്പിംഗ് കോംപ്ലക്സ് ബൈലോ

ജി.ഒ (എം.എസ്)105/97/തദ്ദേശഭരണവകുപ്പ് വിജ്ഞാപന പ്രകാരം ഷോപ്പിംഗ് സെന്റർ ഉള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും സർക്കാർ ഉത്തരവ് നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. ബൈലോകൾ നഗരസഭാ കൗൺസിൽ അംഗീകരിച്ചിട്ടുണ്ടെങ്കിലും നഗരകാര്യ ഡയറക്ടറിൽ നിന്നുള്ള അംഗീകാരം വാങ്ങിയിട്ടില്ല. നഗരസഭാ കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ വാർഷിക വർദ്ധനവ് വരുത്തുകയാണ് ചെയ്യുന്നത്.

2. ടൗൺഹാൾ – ബൈലോ

ഗുരുവായൂർ നഗരസഭ ഇന്ദിരാഗാന്ധി ടൗൺഹാൾ, ഡൈനിംഗ് ഹാൾ, തൈക്കാട് രാജീവ് ഗാന്ധി കമ്മ്യൂണിറ്റി ഹാൾ എന്നിവയ്ക്ക് ഒരു ബൈലോയും ,പൂക്കോട് സാംസ്ക്കാരികനിലയം, ഇ.കെ നാരായണൻ കോൺഫറൻസ് ഹാൾ എന്നിവയ്ക്ക് മറ്റൊരു ബൈലോയും തയ്യാറാക്കിയിട്ടുണ്ട്. ബൈലോകൾ നഗരസഭാ കൗൺസിൽ അംഗീകരിച്ചിട്ടുണ്ടെങ്കിലും സർക്കാരിന്റെ അംഗീകാരം വാങ്ങിയിട്ടില്ല. ക്ഷേത്രപ്രവേശന സത്യഗ്രഹസ്മാരക ഓപ്പൺ സ്റ്റേജ് ബുക്കിംഗ് ബൈലോയ്ക്കും നഗരസഭാ കൗൺസിൽ അംഗീകാരം മാത്രമേയുള്ളു.

3. ക്രിമറ്റോറിയം -ബൈലോ

ക്രിമറ്റോറിയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി (നം.28 തീയതി 21.12.2019) – യുടെ മറുപടിയിൽ സർക്കാർ അംഗീകൃത നിയമാവലി തയ്യാറാക്കിയിട്ടില്ല എന്നാണ് മറുപടി നല്കിയിട്ടുള്ളത്. ശ്മശാന നടത്തിപ്പ് സംബന്ധിച്ച് ബൈലോ തയ്യാറാക്കി സർക്കാറിന്റെ അംഗീകാരം വാങ്ങേണ്ടതാണ്. ശ്മശാന നടത്തിപ്പ് അംഗീകരിക്കപ്പെട്ട ബൈലോയുടെ അടിസ്ഥാനത്തിലാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-16 തൊഴിൽനികുതി - അപാകതകൾ

**I)** താഴെക്കൊടുത്തിരിക്കുന്ന ട്രേഡേഴ്സ് തൊഴിൽനികുതി അടവാക്കിയിട്ടില്ല

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | ട്രേഡേഴ്സ് | അർദ്ധവർഷം | |
|---|---|---|---|---|
| | | | I | II |
| 1 | V | എസ്.ആർ.എം.ഹോംസ് | 1250 | 1250 |
| 2 | V | എം.ഡി.ഉഷസ്സ് ബിൽഡേഴ്സ് | 1000 | 750 |
| 3 | V | സി.എൽ. ചിന്നൻ - വെൽഡേഴ്സ് കുറീസ് | 750 | 750 |
| 4 | V/ 447 | ആർ.എ.സലിം - ഫർണിച്ചർ & | 1250 | 1250 |

| | | | | |
|---|---|---|---|---|
| | | മാനുഫാക്ച്ചറിംഗ് | | |
| 5 | V/512 | ഡോ.വി.ആർ.ബാജി -ആയുർവേദ ഹോസ്പിറ്റൽ | 1250 | 1250 |
| 6 | XV/256 | മുരളിധരൻ നായർ -വിജയശ്രീ ലോഡ്ജ് | 1250 | 1250 |
| 7 | XV/385 | ആഷിദ് -ലോട്ടസ് ലോഡ്ജ് | 1000 | 1000 |
| 8 | XV | ബിജു കെ.ബി. - ഇവന്റ് മാനേജ്മെന്റ് , ഗുരുപവനപുരി | 1000 | 1000 |
| 9 | XV/174(1) | വി.പി.ഹരിദാസ്, ലക്ഷ്മി ഇൻ | 1250 | 1250 |
| 10 | XVIII/1263 | രഞ്ജിത്ത് രാമചന്ദ്രൻ -മാധവി ലോഡ്ജ് | 1250 | 1250 |
| 11 | XVIII/1274 | രുഗ്മിണി അമ്മ – ജയശ്രീ തിയേറ്റർ | 1250 | 1250 |
| 12 | XVIII/1361 | വി.കെ. സുജിത്ത്- സ്റ്റൈൽഫൈറ്റർ റെഡിമെയ്ഡ് ഷോപ്പ് | 1000 | 1000 |
| 13 | XVIII/299(1),299(2) | ജനറൽ സെക്രട്ടറി -ദേവാംഗണം ലോഡ്ജ് | 1250 | 1250 |
| 14 | XVIII/76,77 | എൻ. വാസുദേവൻ നമ്പൂതിരി - രോഹിണി കല്ല്യാണമണ്ഡപം<br>മോഹിനി ലോഡ്ജ് | 1250 | 1250 |
| 15 | XVIII | പി.കെ.വിജയലക്ഷ്മി, കൃഷ്ണാമൃതം | 1250 | 1250 |
| 16 | XVIII | കൈരളി ടൂറിസ്റ്റ് ഹോം | 1250 | 1250 |
| 17 | XVIII/270(1) | ലളിതാംബിക – ലളിത ഇൻ | 1250 | 1250 |
| 18 | XVIII/314 | ഒ.പി.അച്യുതൻകുട്ടി -ഗോവിന്ദ് റോയൽ ഹോംസ് | 1250 | 1250 |
| 19 | XXVIII/459,460 | ഇ.മോഹനൻ -മഹാറാണി ടെക്സ്റ്റയിൽസ് | 1250 | 1250 |
| 20 | XXVIII/525 | എൻ.പി.മൊയ്തുദ്ദീൻ -ഹോട്ടൽ സുഖ് സാഗർ | 1250 | 1250 |
| 21 | XXVIII/544 | ഭാസ്ക്കരൻ നായർ, ജ്യോതി ടൂറിസ്റ്റ് ഹോം | 1250 | 1250 |
| 22 | XXVIII/579 to 584 | പ്രജിത്ത് ടി.പി.- ലക്ഷ്മി ടൂറിസ്റ്റ് ഹോം | 1250 | 1250 |
| 23 | XXVIII/ | സി.വി. ബാലകൃഷ്ണൻ -ജി.വി.ആർ റിസോർട്ട്സ് | 1250 | 1250 |

II)കരാറുകാരിൽ നിന്നും നികുതി ഈടാക്കിയിട്ടില്ല

അസി.എഞ്ചിനീയറുടെ കാഷ്ബുക്ക്,എഗ്രിമെന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതു പ്രകാരം 2018-19 വർഷ കാലയളവിൽ പഞ്ചായത്തിൽ കരാറുകാരായി പ്രവർത്തിച്ച താഴെ പറയുന്ന 27 കരാറുകാരിൽ നിന്ന് തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം | പേര് | ക്രമ നം | പേര് |
|---|---|---|---|
| 1 | ഇ.ജി.മോഹനൻ | 15 | പി.സുനിൽകുമാർ |
| 2 | സി.വി.ശശികുമാർ | 16 | കെ.എസ്.സുരേഷ് |
| 3 | ഇ.കെ.സത്യജിത് | 17 | കെ.സി.ബിജു |
| 4 | പി.അനിൽകുമാർ | 18 | സി.ജെ.റാഫി |
| 5 | രഘുനാഥ് കെ.പി. | 19 | സന്തോഷ് ജാക്ക് |
| 6 | പി.നന്ദകുമാർ | 20 | ടി.ആർ.പ്രദീപ് |
| 7 | കെ.പി.സുധീർകുമാർ | 21 | പി.ജി.പുഷ്ക്കരൻ |
| 8 | സി.പി.വിനോദ്കുമാർ | 22 | സി.എം.ബിജു |
| 9 | ഇ.എം.വിപിൻദാസ് | 23 | സി.പി.സുഭാഷ് കമാർ |
| 10 | ആർ.രഞ്ജിത് | 24 | ടോണി രാജ് |
| 11 | കെ.എ.അശോകൻ | 25 | സിവി.സന്തോഷ് |
| 12 | അനീഷ് പി.പി. | 26 | കിരൺ എം.ജി. |
| 13 | കെ.സി.ബിജു | 27 | ഇ.ആർ. ആനന്ദൻ |
| 14 | രമേഷ് ഇ. | | |
| | | | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (20/20.12.2019) തൊഴിൽനികുതി ഈടാക്കുവാൻ നടപടി സ്വീകരിച്ചു വരികയാണെന്നു മറുപടി നൽകിയിട്ടുണ്ട്. മറ്റ് ഏതെങ്കിലും തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ തുക ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിക്കേണ്ടതും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതുമാണ്. കേരള മുനിസിപ്പൽ അക്ട് 1994, വകുപ്പ് 254 പ്രകാരം തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

# 1-17 കെട്ടിടമുറിവാടക-അപാകതകൾ

I)കരാറുകളിൽ വാടകത്തുക രേഖപ്പെടുത്തിയിട്ടില്ല

വാടകമുറികൾക്ക് കരാർ ചമച്ചിട്ടുള്ളതിൽ പല കരാറുകളിലും വാടകത്തുക രേഖപ്പെടുത്തിയിട്ടില്ല.

ഉദാ:- 1) കമ്മ്യൂണിറ്റി ലാട്രിൻ കെട്ടിടം റൂം നം.1, ഷേർലി ആർ., ബ്യൂട്ടി പാർലർ

2) കുട്ടികൃഷ്ണൻ സ്മാരക കെട്ടിടം റൂം നം.10, ബിന്ദു സുകുമാരൻ

3) മഞ്ജുലാൽ ഷോപ്പിംഗ് കോംപ്ലക്സ് റൂം നം.12, രാജഗോപാലൻ കെ.എ.

II) വാടക രജിസ്റ്ററിൽ വാടക ഈടാക്കിയതായി കാണുന്നില്ല

വാടക രജിസ്റ്ററിൽ താഴെ കൊടുത്തിരിക്കുന്ന വാടകമുറികൾക്ക് നേരെ വാടക തുക രേഖപ്പെടുത്തുകയോ എഗ്രിമെന്റ് വയ്ക്കുകയോ ചെയ്തിട്ടില്ല.

1) ബസ് സ്റ്റാന്റ് കെട്ടിടം റൂം നം.13,

2) മഞ്ജുളാൽ ഷോപ്പിംഗ് കോംപ്ലക്സ് റൂം നം.FF4,FF5, 3) കുട്ടികൃഷ്ണൻ സ്മാരക കെട്ടിടം റൂം നം.13

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/ 20.12.2019)ലഭിച്ച മറുപടിയിൽ ക്രമനം.2 ൽ സൂചിപ്പിച്ച മുറികൾ

1) നഗരസഭയ്ക്ക് വിട്ടുകിട്ടിയ സ്ഥാപനമായ അഗ്രികൾച്ചർ ഓഫീസ് 2) RT ഓഫീസ്

3)എക്സൈസ് റേഞ്ച് ഓഫീസ് എന്നീ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നല്കിയിട്ടുള്ളതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ നിന്ന് 2018-19 വർഷം വാടക ഈടാക്കിയതായി കാണുന്നില്ല

III) വാടക എഗ്രിമെന്റ് 2018-19 വർഷം പുതുക്കിയിട്ടില്ല
വാടക എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 131 വാടകമുറികൾ മാത്രമേ 2018-19 വർഷം കരാർ വച്ചിട്ടുള്ളു. 165 മുറികൾ വാടകയ്ക്ക് കൊടുത്തിട്ടുണ്ട്. കരാർ പുതുക്കാത്തവർക്കെതിരെ നിയമാനുസൃതമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല

താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ 2018-19 വർഷത്തിൽ പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | സ്ഥാപനം | ഉടമ |
|---|---|---|---|
| 1 | XXXVII / 558 | വിനായക ആയുർവ്വേദ ഹെൽത്ത് സെന്റർ, പുത്തംമ്പല്ലി | ഡോ. ശ്യാം മോഹൻ (Late ഡോ.പി.എൻ. മോഹനകുമാർ) |
| 2 | XXXVI / 300(1) | അഗാപ്പെ മർമ്മ ചികിത്സാലയം, ചിറയത്ത്, കോട്ടപ്പടി | കൊച്ചു ലോനപ്പൻ |
| 3 | XXXIV / 148,149 | ആയുർവ്വേദ ക്ലിനിക്, താമരയൂർ, തമ്പുരാൻപടി | ഡോ. പി. രാമചന്ദ്രൻ |
| 4 | I / 152 | ക്യുവർ ഹോമിയോപ്പതി ക്ലിനിക, തൊഴിയൂർ | ഡോ. മാജിത ഇ. |

## 1-19 ഡി ആന്റ് ഒ ലൈസൻസ് - അപാകതകൾ

ഡി ആന്റ് ഒ ലൈസൻസ് ഫീസ് വരവുമായി ബന്ധപ്പെട്ട് അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. അപേക്ഷകൾ അപൂർണ്ണമാണ്. അപേക്ഷകളിന്മേൽ അന്വേഷണം നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്തുന്നില്ല.

2. അപേക്ഷകളിന്മേൽ സെക്രട്ടറിയുടെ തീരുമാനം രേഖപ്പെടുത്തുന്നില്ല.
3. ഡി&ഒ ലൈസൻസ് അനുവദിച്ച, യന്ത്ര സാമഗ്രികൾ ഉപയോഗിക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ അപേക്ഷയിൽ വരുമാനം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ലൈസൻസ് ഫീസ് കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായില്ല.

## 1-20 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല

നഗരസഭാ പരിധിയിലുള്ള മൊബൈൽ ടവറുകളെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/ തീയതി 20.12.2019) ലഭ്യമാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉടമയുടെ പേര് | പെർമിറ്റ് നൽകിയ വർഷം | ഒക്യുപ്പൻസി നൽകിയത് | നികുതി നിർണ്ണയിച്ച വർഷം | നിർണ്ണയിച്ച നികുതി | കുടിശ്ശിക (31.03.2019 വരെ) |
|---|---|---|---|---|---|---|---|
| 1 | XIV/379/1 | റിലയൻസ് ജിയോ ഇൻഫോ കോം ലിമി., ചന്ദ്രിക ചേംബേഴ്സ്, എസ്.എ.റോഡ്, വൈറ്റില, കൊച്ചി | BA-182/14-15, തീ. 20.01.2015 | 02.05.2015 | 01.04.2015 മുതൽ | 13050+653+392 = 14095 | 16836 + Fine |
| 2 | XVIII/970/1 | റിലയൻസ് ജിയോ ഇൻഫോ കോം ലിമി., ചന്ദ്രിക ചേംബേഴ്സ്, എസ്.എ.റോഡ്, വൈറ്റില, കൊച്ചി | BA-206/14-15, dt. 27.01.2015 | 20.08.2015 | 01.04.2015 മുതൽ | 1200+60+36 = 1296 | 1548 + Fine |
| 3 | XVIII/767/1 | റിലയൻസ് ജിയോ ഇൻഫോ കോം ലിമി., ചന്ദ്രിക ചേംബേഴ്സ്, എസ്.എ.റോഡ്, വൈറ്റില, കൊച്ചി | BA-37/14-15, dt.06.03.2014 | 30.10.2014 | 01.10.2014 മുതൽ | 22464+1124+674 = 24262 | 25835 + Fine |
| 4 | XV/184/1 | റിലയൻസ് ജിയോ ഇൻഫോ കോം ലിമി., ചന്ദ്രിക ചേംബേഴ്സ്, എസ്.എ.റോഡ്, വൈറ്റില, കൊച്ചി | BA-43/14-15, dt.09.06.2015 | 06.02.2015 | 01.10.2014 മുതൽ | 1200+60+36 = 1296 | 4224 + Fine |
| 5 | XIII/680/1 | റിലയൻസ് ജിയോ ഇൻഫോ കോം ലിമി., ചന്ദ്രിക ചേംബേഴ്സ്, എസ്.എ.റോഡ്, വൈറ്റില, കൊച്ചി | BA-91/14-15, dt.18.07.2014 | 07.05.2015 | 01.04.2015 മുതൽ | 13050+653+392 = 14095 | 16836 + Fine |

| | | | | | | | |
|---|---|---|---|---|---|---|---|
| 6 | XXIII/89/1 | ഗുരുവായൂർ ടൗൺ മുസ്ലീം ജമാ അത്ത് കമ്മിറ്റി | ലഭ്യമാക്കിയിട്ടില്ല | ലഭ്യമാക്കിയിട്ടില്ല | 01.04.2016 മുതൽ | 4500+225+450 = 5175 | 19465 + Fine |
| 7 | XXXVI/119(2) പൂക്കോട് മേഖല | ഇൻഡസ് ടവർ ലിമിറ്റഡ് | 2009-10 | 29.01.2012 | 2011-12 | 14344 | 2016-17 മുതൽ |
| 8 | XXXVII/560 പൂക്കോട് മേഖല | റിലയൻസ് | - | 23.12.2009 | 2008-09 | 17100 | 2010-11 മുതൽ |

നഗരസഭാ പരിധിയിൽ പൂക്കോട് സോണൽ ഓഫീസിലടക്കം ആകെ 13 മൊബൈൽ ടവറുകളുടെ വിവരങ്ങളാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി ലഭ്യമാക്കിയിട്ടുള്ളത്. തൈക്കാട് ഓഫീസിൽ നിന്നുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. 1994ലെ കേരളാ മുനിസിപ്പാലിറ്റി നിയമം വകുപ്പ് 539പ്രകാരം ഈയിനത്തിൽ നികുതി തുക കാലഹരണപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് ഉദ്യോഗസ്ഥരുടെ വീഴ്ചയായി കണക്കാക്കി വകുപ്പ് 539(2)ൽ വ്യവസ്ഥ ചെയ്യും പ്രകാരം 12% പലിശ സഹിതം ഈടാക്കേണ്ടതാണ്.

# 1-21 വസ്തുനികുതി അപാകതകൾ

1. <u>വസ്തുനികുതി പിരിവ് സംബന്ധിച്ച്</u>

2017-18 ലെ വാർഷിക കണക്കുകൾ പ്രകാരം പിരിച്ചെടുക്കാനുള്ള വസ്തുനികുതി കുടിശ്ശിക തുക ലൈബ്രറി സെസ് ഉൾപ്പെടെ 13401612/- രൂപയാണ്. 2018-19 വാർഷിക കണക്കുകൾ പ്രകാരം തൻവർഷ ഡിമാന്റ് 37602273/- രൂപയാണ്. രസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം 2018-19 വർഷത്തിൽ 8592070/- രൂപ വസ്തുനികുതി കുടിശ്ശികയും 28363788/- രൂപ തൻവർഷ വസ്തുനികുതിയും പിരിച്ചെടുത്തതായി കാണുന്നു. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ അപൂർണ്ണമാണ്. വസ്തുനികുതി ഡി.സി.ബി.സംക്ഷിപ്തം രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.37/ 23.12.2019) നല്കിയപ്പോൾ ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു.

| ഡിമാന്റ് | | | കളക്ഷൻ | | | ബാലൻസ് | | |
|---|---|---|---|---|---|---|---|---|
| കുടിശ്ശിക | തൻവർഷം | ആകെ | കുടിശ്ശിക | തൻവർഷം | ആകെ | കുടിശ്ശിക | തൻവർഷം | ആകെ |
| 5980008 | 36003266 | 41983274 | 8592070 | 28363788 | 36955858 | -2612062 | 28363788 | 502741 |

ഡിമാന്റ് കുടിശ്ശിക, ബാലൻസ് കുടിശ്ശിക എന്നിവ വാർഷിക കണക്കുകളിലെ തുകകളുമായി പൊരുത്തപ്പെടാത്തതിനാൽ ടി തുകകളുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2) കെട്ടിടങ്ങൾക്ക് വസ്തുനികുതി ഈടാക്കുമ്പോൾ സ.ഉ. (എം.എസ്) നം. 231/15/ തസ്വഭവ തീ.09/07/15 പ്രകാരം റവന്യൂ വകുപ്പിൽ കെട്ടിട നികുതി അടവാക്കിയതിന്റെ രശീതി (1975ലെ കേരള കെട്ടിടനികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിടനികുതിയുടെ ആദ്യഗഡു അടച്ചതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ) ഹാജരാക്കുന്നതായി കാണുന്നില്ല.

3. <u>വസ്തു നികുതി കുറവായി നിർണ്ണയിച്ചതുമൂലം നഷ്ടം</u>

2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ, 14.01.2011ലെ സ.ഉ.(അച്ചടി)18/2011/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്, നഗരസഭാ കൗൺസിൽ തീരുമാനം എന്നിവ പ്രകാരം ഗുരുവായൂർ മുനിസിപ്പാലിറ്റിയിലെ വാണിജ്യാവശ്യങ്ങൾക്കുള്ള (ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗണുകൾ) കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 60/- രൂപ / ച.മീ.

100ച.മീറ്ററിനു മുകളിൽ ആകെ തറ വിസ്തീർണ്ണമുള്ളവ: 80/- രൂപ / ച.മീ.

ചെറിയ തറ വിസ്തീർണ്ണത്തിൽ (100ച.മീ. താഴെ) തിരിച്ച ഷോപ്പ് റൂമുകളടങ്ങിയതും എന്നാൽ ആകെ തറ വിസ്തീർണ്ണം 100ച.മീറ്ററിനു മുകളിൽ വരുന്നതുമായ വാണിജ്യ കെട്ടിടങ്ങൾക്ക് അവയുടെ തറ വിസ്തീർണ്ണം മൊത്തമായി പരിഗണിക്കാതെയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 100ചതുരശ്ര മീറ്ററിനു മുകളിൽ വരുന്നതും മുകളിൽ പരാമർശിച്ച ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ വിവിധ നമ്പറുകൾ അനുവദിച്ച റൂമുകളോടു കൂടിയ ഒറ്റക്കെട്ടിടത്തിന് നികുതി നിർണ്ണയിക്കുന്നതിലേക്ക് അടിസ്ഥാന നികുതി 80/- രൂപ പരിഗണിക്കേണ്ടതിനു പകരം 60/- രൂപയാണ് കണക്കിലെടുത്തിരിക്കുന്നത്.

ഉദാ:- XI/336(2) മുതൽ 336(8) എന്ന നമ്പറുകളിലുള്ള ശ്രീ.വി.അബ്ദുൾ കലാം, സുബൈദ, വലിയകത്ത് ഹൗസ്, ചക്കംകണ്ടം എന്നവരുടെ വാണിജ്യാവശ്യത്തിനുള്ള 100ച.മീ. വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമത്തിലുള്ള വാണിജ്യ കെട്ടിടത്തിന് സഞ്ചയ സോഫ്റ്റ്‌വെയർ ഡാറ്റയും ഫയൽപ്രകാരവും 167.16 ച.മീ. തറവിസ്തീർണ്ണമാണുള്ളത്. ഈ കെട്ടിടത്തിന് നികുതി നിർണ്ണയിച്ചിരിക്കുന്നത് രൂ.60/ച.മീ. എന്ന നിരക്കിലാണ്. എന്നാൽ വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.ക്ക് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ എന്നിവയ്ക്ക് ഗുരുവായൂർ മുൻസിപ്പാലിറ്റിയിൽ നിശ്ചയിച്ചിരിക്കുന്ന നികുതി നിരക്ക് രൂ.80/ച.മീ. എന്നതാണ്. വസ്തുനികുതി പുനർനിർണ്ണയിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4. <u>വസ്തുനികുതി - രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ</u>

വസ്തു നികുതിയുമായി ബന്ധപ്പെട്ട് രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വിമുക്ത ഭടന്മാർക്ക് നികുതി ഇളവിന് തറ വിസ്തീർണ്ണം 2000 ചതുരശ്ര അടിയിൽ കവിയാത്ത വീടിന് മാത്രമേ അർഹതയുള്ളു. ഇളവ് സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ് . ഇപ്രകാരം ഒരു രജിസ്റ്റർ നഗരസഭയിൽ സൂക്ഷിക്കുന്നുണ്ടെങ്കിലും കെട്ടിടത്തിന്റെ തറവിസ്തീർണ്ണം, നിർണ്ണയിച്ച നികുതി എന്നീ വിശദാംങ്ങളൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2. പൊളിച്ചുമാറ്റിയ കെട്ടിടങ്ങളുടെ വസ്തു നികുതി ഒഴിവാക്കുന്നത് അപേക്ഷ നൽകുന്ന തിയതി മുതൽക്കാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ ഇത്തരം വിശദാംങ്ങളൊന്നും രേഖപ്പെടുത്തുന്നില്ല.

3. അപേക്ഷ സമർപ്പിക്കുന്ന തിയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞു കിടക്കുന്ന തിയതി മുതൽക്കോ ഏതാണ് ഒടുവിൽ ആ തിയതി മുതൽക്കാണ് ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവിന് അർഹത. എന്നാൽ ഈ വിവരങ്ങളൊന്നും തന്നെ ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

രജിസ്റ്ററുകളിൽ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതാണ്.

പരിശോധന റിപ്പോർട്ടുകൾ തയ്യാറാക്കുമ്പോൾ ഓരോ അപേക്ഷകരുടെയും കെട്ടിട ഏരിയ വിവരം രേഖപ്പെടുത്തേണ്ടതാണ്. അധിക ഏരിയക്ക് നികുതി കണക്കാക്കേണ്ടതാണ്. അപേക്ഷകരുടെ സത്യവാങ്ങ് മൂലം, ജൂനിയർ സൂപ്രണ്ട്, സെക്രട്ടറി എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകൾ, കമ്മിറ്റി അംഗീകാരം ലഭ്യമാക്കൽ എന്നിങ്ങനെ ഓരോ ഫയലുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ യഥാസമയം പാലിക്കപ്പെട്ടിട്ടില്ല.

വിമുക്ത ഭടൻമാരുടെ വസ്തു നികുതി ഇളവ് സംബന്ധിച്ച് സ. ഉ. (കൈ) നം 106/17/ത.സ്വ.ഭ.വ./ തീ.26.5.17-ലെ നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

## 1-22 സഞ്ചയ സോഫ്റ്റ്‌വെയറിലെ അപാകതകൾ

'സഞ്ചയ' യിൽ കെട്ടിടങ്ങൾ സംബന്ധിച്ച് അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തൽ പൂർത്തിയായിട്ടില്ല. ആയതിനാൽത്തന്നെ സാംഖ്യ-സഞ്ചയ സംയോജനം നടന്നിട്ടില്ല. പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾ, വേക്കൻസി റെമിഷൻ, വിമുക്ത ഭടൻമാരുടെ നികുതിയിളവ് തുടങ്ങിയ വിവരങ്ങളൊന്നും തന്നെ സഞ്ചയയിൽ നിന്നും ലഭ്യമല്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ

വസ്തുനികുതി പരിശോധിച്ചതിൽ പല കെട്ടിടങ്ങൾക്കും 'തറനിർമ്മിതി –മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് അഥവാ മറ്റേതെങ്കിലും വിലയേറിയ സാധനങ്ങൾ കൊണ്ട് നിർമ്മിച്ച 250 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള തറ' എന്ന് എന്റർ ചെയ്തിട്ടുള്ളതും ആയതിന്റെ 15% വർദ്ധനവ് വരുത്താതെയുമാണ് വസ്തുനികുതി കണക്കാക്കിയിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയറിൽ ഇപ്രകാരം തന്നെയാണ് പല കെട്ടിടങ്ങളുടെയും വസ്തുനികുതി കണക്കാക്കിയിട്ടുള്ളത്. എന്നാൽ അസസ്സ്മെന്റ് രജിസ്റ്ററിൽ ടി വർദ്ധനവ് വരുത്തിയിട്ടുമുണ്ട്.അസസ്മെന്റ് രജിസ്റ്റർ പ്രകാരമാണ് നികുതി ഈടാക്കുന്നത് എന്നതിനാൽ നികുതി ഇനത്തിൽ കുറവ് സംഭവിക്കുന്നില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.36/ 23.12.2019) സോഫ്റ്റ്‌വെയറിലെ പിശകുമൂലമാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത് എന്നാണ് മറുപടി നല്കിയിട്ടുള്ളത്. ഡിജിറ്റൽ എൻട്രി നടത്തുമ്പോൾ ഫ്ലാറ്റ് സമുച്ചയങ്ങളുടെ ആകെ പ്ലിന്ത് ഏരിയ 250 ച.മീ.-ൽ അധികം വിസ്തീർണ്ണം വരികയാണെങ്കിൽ കെട്ടിടത്തിന്റെ ഒരു ഭാഗത്തിന്റെ വിസ്തീർണ്ണം 250 ച.മീ.-ൽ താഴെ എന്ന് രേഖപ്പെടുത്തിക്കഴിഞ്ഞാൽ 15% വർദ്ധനവ് സോഫ്റ്റ്‌വെയറിൽ കാണിക്കുന്നില്ല എന്നും സോഫ്റ്റ്‌വെയറിന്റെ തകരാറ് മൂലം സംഭവിക്കുന്നതായ ടി പിശക് ഇൻഫോമേഷൻ കേരള മിഷന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് എന്നും മറുപടി നല്കിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിലെ മേൽ അപാകത പരിഹരിക്കാൻ ആത്മാർത്ഥമായ ശ്രമങ്ങൾ മുനിസിപ്പാലിറ്റിയുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

## 1-23 ഗുരുവായൂർ ദേവസ്വം നഗരസഭയ്ക്ക് നൽകേണ്ടുന്ന അംശദായം - തുടർ വർഷങ്ങളിൽ കൃത്യമായി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 334 പ്രകാരം ഗുരുവായൂർ ദേവസ്വത്തിലേക്ക് പ്രയോജനപ്പെടും വിധം ഗുരുവായൂർ നഗരസഭ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾക്കായുള്ള ചെലവ് തുകയുടെ ഒരംശം അംശദായമായി നൽകാൻ ദേവസ്വം ബാധ്യസ്ഥരാണ് . സർക്കാർ ഉത്തരവ് എംഎസ് 914/HLD തിയതി 6.12.1965 ഉത്തരവ് പ്രകാരം ചെലവ് തുകയുടെ 50% അംശദായമായി നൽകേണ്ടതാണ് .

നഗരസഭ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ താഴെപ്പറയും പ്രകാരമാണ്.

1) ദേവസ്വത്തിലുണ്ടാകുന്ന ജൈവമാലിന്യങ്ങൾ ദിവസേന നഗരസഭ ശേഖരിച്ച് സംസ്കരിക്കുന്നു.

2)തീർത്ഥാടകരുടെ ഉപയോഗത്തിലേക്കായി ബസ്റ്റാന്റ് പരിസരം, പാർക്കിംഗ് ഗ്രൗണ്ടുകൾ, പടിഞ്ഞാറെ നട എന്നിവിടങ്ങളിൽ യൂറിനൽ ടോയ്ലറ്റ്, കുളിമുറി എന്നിവ പരിപാലിക്കുന്നു.

3)ദിവസേന ഗുരുവായൂരിൽ വന്നുപോകുന്ന floating population ന്റെ ആരേഗ്യ സംരക്ഷണത്തിനായും സൗകര്യത്തിനായും ടൗണുകളിൽ ശുചീകരണ പ്രവർത്തനം നടത്തുന്നു.

4) സീസണുകളിൽ തീർത്ഥാടകരുടെ തിരക്ക് കണക്കിലെടുത്ത് അധിക ശുചീകരണ തൊഴിലാളികളെ നിയമിച്ച് ശുചീകരണം നടത്തിവരുന്നു.

5)മകര വിളക്ക് - മണ്ഡലക്കാല തിരക്കുകൾ പരിഗണിച്ച് പ്രത്യേക ഫസ്റ്റ് എയ്ഡ് കൗണ്ടർ സജ്ജമാക്കുകയും ഇതിനായി ജെം എച്ച് ഐ , സ്റ്റാഫ് നഴ്സ് എന്നിവരെ താത്ക്കാലികമായി നിയമിക്കുന്നു. കൂടാതെ ഇതിലേക്കാവശ്യമായ മരുന്ന്, ഡോക്ടർമാർ മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തുന്നു.

1984 വരെ ദേവസ്വം അംശദായം അടവാക്കിയിരുന്നതും , തുടർന്ന് 1984-85 മുതൽ കുടിശ്ശികവരുത്തുകയുമുണ്ടായി .ഗുരുവായൂർ നഗരസഭ ഡിമാന്റ് ചെയ്ത അംശദായം അടവാക്കുന്നതുമായി ബന്ധപ്പെട്ട് ഗുരുവായൂർ ദേവസ്വം ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 28325/04 നമ്പർ കേസ്സിന്മേൽ 3.7.14ൽ പുറപ്പെടുവിച്ച വിധിക്കെതിരെ സ്പെഷ്യൽ ലീവ് പെറ്റീഷൻ സിവിൽ ബഹു സുപ്രീം കോടതി മുമ്പാകെ 31334 / 2004 നമ്പറായി ദേവസ്വം ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ജസ്റ്റിസ്. കെ എസ് പി രാധാകൃഷ്ണനെ മീഡിയേറ്ററായി നിയമിക്കുകയും വിവിധ തിയതികളിൽ മീഡിയേഷൻ നടക്കുകയും 31.3.17 ലെ മീഡിയേഷൻ മിനിട്സ് പ്രകാരം 84-85 മുതൽ 16-17വരെയുള്ള വർഷങ്ങളിലേക്ക് വർഷം തോറും

ഒരു ലക്ഷം രൂപ എന്ന കണക്കെ 32ലക്ഷം രൂപ തർക്കപരിഹാരമാകുന്നതുവരെ അടവാക്കുന്നതിന് നിർദ്ദേശിക്കുകയും 27.4.17 ന് തുക അടവാക്കുകയും ചെയ്തിട്ടുണ്ട്.

23.3.19 ൽ നടന്ന ചർച്ചകൾ പ്രകാരം 1984 മുതൽ 31.3.19 വരെ 3കോടി രൂപ( മുമ്പ് നൽകിയത് ഉൾപ്പെടെ )നൽകാമെന്ന് ബഹു. സുപ്രീം കോടതി ജസ്റ്റിസ് ശ്രീ. കെ.എസ്.പി രാധാകൃഷ്ണൻ മീഡിയേറ്റർ മുമ്പാകെയുള്ള ദേവസ്വത്തിന്റെ നിർദ്ദേശം 29.6.19 ലെ നഗരസഭ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ആയതിനെ തുടർന്ന് മുൻവർഷങ്ങളിൽ അടവാക്കിയ350000രൂപ കഴിച്ച് അടവാക്കാൻ ബാക്കിയുള്ള 26450000 രൂപ 12.8.19 ലെ ചെക്ക് നം.100608 പ്രകാരം നഗരസഭയ്ക്ക് നൽകുകയും( രശീതി നം 119010500060/ 13.8.19) നഗരസഭയുടെ കാനറ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം . 0838101044794)19.8.19ന് വരവ് വെയ്ക്കുകയും ചെയ്തിട്ടുണ്ട്.

നഗരസഭയിൽ ശുചീകരണ പ്രവർത്തനങ്ങൾക്കായി ഒരു വർഷം 31641220രൂപയോളം ചെലവ് വരുന്നതായി ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.( 14/20.12.19) എന്നാൽ ദേവസ്വുമായി ബന്ധപ്പെട്ട് നടത്തുന്ന ശുചീകരണ പ്രവർത്തനങ്ങൾക്ക് വരുന്ന ചെലവ് നഗരസഭ പ്രത്യേകം കണക്കാക്കിയിട്ടില്ല.

29.6.19ൽ നടന്ന കൗൺസിലിൽ തീരുമാനം 1 പ്രകാരം 1.4.19മുതൽ തുടർന്നുള്ള വർഷങ്ങളിൽ മാർച്ച് 31ന് മുമ്പ് അംശദായം കൃത്യമായി ലഭിക്കുന്നതിന് തുടർന്ന് നടക്കുന്ന മീഡിയേഷനിൽ ഉറപ്പ് വരുത്തുവാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി കാണുന്നു.

മേൽ കൗൺസിൽ തീരുമാനം നടപ്പിലാക്കി കൊണ്ട് തുക ഈടാക്കുന്നതിനുള്ള നടപടികൾ അതാതു വർഷങ്ങളിൽ സ്വീകരിക്കേണ്ടതാണ്.

## 1-24 കെട്ടിട നിർമ്മാണ പെർമിറ്റ് നിശ്ചിത കാലാവധിക്കുള്ളിൽ പുതുക്കുന്നില്ല

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 1999 ചട്ടം 15A പ്രകാരം അനുവദിച്ചിട്ടുള്ള വികസന പെർമിറ്റ് അല്ലെങ്കിൽ കെട്ടിട നിർമ്മാണ പെർമിറ്റ് അത് അനുവദിച്ച തിയതി മുതൽ മൂന്ന് വർഷത്തേക്ക് സാധുവായിരിക്കുന്നതും പെർമിറ്റ് കാലാവധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കുന്നതിന്മേൽ സെക്രട്ടറി ഓരോ മൂന്ന് വർഷ കാലാവധിക്ക് രണ്ടു പ്രാവശ്യം കൂടി നീട്ടിക്കൊടുക്കുന്നതുമാണ്. പെർമിറ്റ് നീട്ടുന്നതിനുള്ള ഫീസ് , കാലാവധി നീട്ടുന്ന സമയം പ്രാബല്യത്തിലുള്ള വികസന പെർമിറ്റ് ഫീസിന്റേയോ അതതു സംഗതി പോലെ കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസിന്റെയോ പത്ത് ശതമാനമായിരിക്കുന്നതാണ്.

എന്നാൽ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ മുൻ വർങ്ങളിൽ പെർമിറ്റ് അനുവദിച്ചിരിക്കുകയും 2018-19 വർഷത്തിൽ കാലാവധി പൂർത്തിയായതുമായ കെട്ടിടങ്ങളുടെ പണി പണിപൂർത്തീകരിച്ചതായോ അല്ലാത്തപക്ഷം പെർമിറ്റ് പുതുക്കിയതായോ കാണുന്നില്ല. കൂടാതെ പെർമിറ്റ് രജിസ്റ്ററിൽ പെർമിറ്റ് ഫീസ് ഈടാക്കിയത്, കെട്ടിടത്തിന്റെ ഏരിയ എന്നിവ എല്ലാം അപേക്ഷകളിലും തന്നെ കൃത്യമായി ചേർക്കുന്നതായും കാണുന്നില്ല. രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട അധികാരികൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## 1-25 കെട്ടിട നിർമ്മാണ പെർമിറ്റ് - ക്രമവത്കരണ ഫീസ് കുറവ് ഈടാക്കി

ഫയൽ നം ഇ 2/1691819/18

മുഹമ്മദ് ഹനീഫ & ആയിഷ , വലിയകത്ത് എന്നവരുടെ ഉടമസ്ഥതയിൽ നിലവിലുള്ള 226.95 M2 കെട്ടിടത്തിനോട് ചേർന്ന് 253.80 ചതുരശ്രമീറ്ററിൽ അസംബ്ലി വിഭാഗത്തിൽ പെടുന്ന കെട്ടിടം പെർമിറ്റ് ഇല്ലാതെ പണിതതിന് ക്രമവത്കരണ ഫീസായി 5080 രൂപ(254x10x2) ഈടാക്കിയിട്ടുണ്ട്. അതായത് പെർമിറ്റ് ഫീസിന്റെ ഇരട്ടി. 11.11.15 ലെ തദ്ദേശ സ്വയംഭരണ (ആർ ഡി)വകുപ്പ് സെക്രട്ടറിയുടെ 229813/ആർ ഡി 2/15/ തസ്വ ഭവ കത്തിൽ ഒരിക്കൽ പെർമിറ്റ് എടുത്ത ശേഷം

ആയതിൽ നിന്ന് വ്യതി ചലിച്ച സംഗതികളിൽ ക്രമവത്കരിക്കുമ്പോൾ രാജിയാക്കൽ ഫീസ് മാത്രവും , പെർമിറ്റ് എടുക്കാതെ പൂർണ്ണമായും ക്രമവത്കരിക്കുന്ന കേസുകളിൽ രാജിയാക്കൽ ഫീസും പെർമിറ്റ് ഫീസും ഈടാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. മേൽ നിർദ്ദേശപ്രകാരം ക്രമവത്കരണഫീസ് ഈടാക്കിയത് കുറവാണ്. കുറവ് വന്ന 2534 രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.12/19.12.2019)

## 1-26 അഗ്നിസുരക്ഷാ മാനദണ്ഡം - സാക്ഷ്യപത്രം ഉറപ്പാക്കിയില്ല

ഫയൽ നം 18577/18

വി.എം താഹിറ, വെൺമാടത്തയിൽ ഹൗസ്, ഗുരുവായൂർ എന്നവരുടെ ഉടമസ്ഥതയിൽ ചാവക്കാട് വില്ലേജിൽ സർവ്വേ നം 135/4 സ്ഥലത്ത് 323.70 ചതുരശ്ര മീറ്ററിൽ വീട് പണിയുന്നതിന് E2-BA(13185) /19 തി. 17.1.18 ആയി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. 2017 ലെകേരളമുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണഭേദഗതിചട്ടങ്ങൾ ചട്ടം 53(3), 56(3j) പ്രകാരം 300m$^2$ ന് മുകളിലും 1000 m$^2$ താഴെയുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ ഫാറം 'P' യിൽ അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ അനുവർത്തിക്കുന്നുണ്ടെന്ന് കെട്ടിട ഉടമ സ്വയം സാക്ഷ്യപ്പെടുത്തേണ്ടതും പ്ലാൻ തയ്യാറാക്കിയ ആർക്കിടെക്ട്/എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. എന്നാൽ ചട്ടപ്രകാരമുള്ള മാനദണ്ഡങ്ങൾ ഉറപ്പാക്കിയതായി കാണുന്നില്ല. ചട്ടപ്രകാരമുള്ള മാനദണ്ഡങ്ങൾ ഉറപ്പാക്കി നിർമ്മാണാനുമതി നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട രജിസ്റ്റർ സൂക്ഷിക്കുന്നതിലെയും ക്രമവത്കരിക്കുന്നതിലെയും അപാകതകളും അനധികൃത നിർമ്മാണത്തിന്മേലുള്ള വസ്തു നികുതി നിർണ്ണയവും

തദ്ദേശസ്വയംഭരണ (ആർ എ)വകുപ്പ് നം. 29342/ആർ എ1/2014 തസ്വഭവ തി. 19.5.14 പ്രകാരം അനധികൃത നിർമ്മാണത്തെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ രേഖപ്പെടുത്തിയ ഒരു രജിസ്റ്റർ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സൂക്ഷിക്കേണ്ടതും അനധികൃത നിർമ്മാണത്തെക്കുറിച്ചുള്ള വിവരങ്ങൾ സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിലും സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും പ്രസിദ്ധപ്പെടുത്തേണ്ടതും ചട്ടലംഘനങ്ങൾ പരിഹരിച്ചതിന് ശേഷം കെട്ടിടം നിയമാനുസൃതമാകുമ്പോഴും പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും സെക്രട്ടറി ഓരോ മാസത്തിന്റെയും അവസാനത്തെ ആഴ്ചയിൽ പ്രസ്തുത രജിസ്റ്റർ പരിശോധിച്ച് അനധികൃത നിർമ്മാണത്തിൻമേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും, പരിശോധന നടത്തിയ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണെന്നുള്ള നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. എന്നാൽ അനധികൃത നിർമ്മാണം സംബന്ധിച്ച ഒരു രജിസ്റ്റർ നഗരസഭയിൽ സൂക്ഷിക്കുന്നുണ്ടെങ്കിലും മേൽ ഉത്തരവിൽ നിർദ്ദേശിക്കുന്ന വിധത്തിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

രജിസ്റ്ററിൽ യു എ നമ്പർ നൽകിയ 95 അനധികൃത നിർമ്മാണങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 33 എണ്ണം നിയമാനുസൃതമാക്കിയിട്ടുണ്ട്. യു എ നമ്പർ നൽകിയ കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയം നടത്തിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ എൻട്രി വരുത്തിയിട്ടില്ല. നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട് എൻക്വയറി (32/21.12.19)നൽകിയതിന് കെട്ടിട നികുതി ഈടാക്കിയിട്ടില്ല എന്നാണ് മറുപടി നൽകിയത്. എന്നാൽ ഏത് കാലയളവ് മുതൽ എന്നതിന് വ്യക്തതയില്ല. ആയതിനാൽ കുടിശ്ശിക സഹിതം ഈടാക്കാനുണ്ടെങ്കിൽ ആയത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും, മേൽ കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-28 അനധികൃതമായി ഫ്ലാറ്റുകൾ വാടകയ്ക്ക് നൽകുന്നത്

## - തുടർ നടപടികൾ അറിയിക്കേണ്ടതാണ്

ഗുരുവായൂർ നഗരസഭയിൽ അനധികൃതമായി ഫ്ലാറ്റുകൾ ദിവസവാടകയ്ക്ക് നൽകുന്നതിനെതിരെ നടപടികൾ സ്വീകരിക്കുന്നതിന് നഗരസഭ, ഹെൽത്ത്, റവന്യു എന്നീ വിഭാഗങ്ങളും പോലീസ് ആവശ്യമായ മറ്റ് വിഭാഗങ്ങളെയും ഉൾപ്പെടുത്തി നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തികൊണ്ട് 27.4.18 ന് 7ാം നമ്പറായി കൗൺസിൽ തീരുമാനമെടുത്തതായി കാണുന്നു. എന്നാൽ മേൽ തീരുമാനത്തിന്മേൽ നാളിതുവരെയായി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്നാണ് 20.12.19നൽകിയ ഓഡിറ്റ് എൻക്വയറി നം. 22ന് മറുപടി നൽകിയത്. മേൽ തീരുമാനത്തിന്മേൽ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 അനധികൃത നിർമ്മാണം - തുടർനടപടികൾ അറിയിക്കേണ്ടതാണ്

ഫയൽ നം ഇ2 -6554/18

വിജയകുമാർ, പാലാഴി ഹൗസ്, തൈക്കാട് എന്നവരുടെ ഉടമസ്ഥതയിലുള്ള ഗുരുവായൂർ വില്ലേജ് സർവേ നം. 96/1 ബി സ്ഥലത്ത് 259.47 ചതുരശ്ര മീറ്ററിൽ സ്പെഷ്യൽ റെസിഡൻഷ്യൽ ബിൽഡിംഗ് പണിയുന്നതിന് BA-16/18-19 തി. 11.4.18 ആയി നിർമ്മാണാനുമതി നൽകിയിരുന്നു. എന്നാൽ പരാതിയെ തുടർന്ന് സ്ഥല പരിശോധന നടത്തിയതിൽ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 62(1) ന്റെ ലംഘനം നടന്നതായും പെർമിറ്റ് റദ്ദു ചെയ്യാതിരിക്കുന്നതിന് വിശദീകരണം തേടുകയും ചെയ്തിരുന്നു. എന്നാൽ ടിയാൻ പണി പൂർത്തീകരിച്ച് 12.2.19 ന് കംപ്ലീഷൻ റിപ്പോർട്ട് സമർപ്പിച്ചു. അനധികൃത നിർമ്മാണം കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമാക്കുന്ന പക്ഷം മാത്രമെ ഒക്യുപൻസി നൽകുകയുള്ളൂ എന്നതിനാൽ ട്രൈബ്യൂണൽ കോടതി മുമ്പാകെ (665/19 നമ്പർ അപ്പീൽ) ടിയാൻ പരാതി സമർപ്പിച്ചിരുന്നു.കേസ്സ് നിലവിലുള്ളതിനാൽ ആയതിന്മേലുണ്ടാകുന്ന തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-30 വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

ഗുരുവായൂർ നഗരസഭാ കൗൺസിലിന്റെ 04.04.2018-ലെ 4-ാം നം. തീരുമാനപ്രകാരം നഗരസഭ വക റവന്യൂ വകകളിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഫീസ് പിരിക്കുന്നതിനുള്ള കുത്തകാവകാശം താഴെ ചേർത്ത രീതിയിൽ അംഗീകരിച്ചിട്ടുണ്ട്.

| | | |
|---|---|---|
| ബസ് സ്റ്റാന്റ് ഫീസ് | ടി.കെ മോഹൻദാസ് | 11,10,000 |
| കമ്മ്യൂണിറ്റി ലാട്രിൻ | ടി.എ.കുഞ്ഞൻ | 20,00,000 |

2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ ഈ ഇനങ്ങളിൽ ലഭിച്ച വരവ് താഴെ ചേർക്കുന്നു;

| ഇനം | 2016-17 | 2017-18 |
|---|---|---|
| ബസ് സ്റ്റാന്റ് ഫീസ് | 15,50,000 | 16,14,000 |
| കമ്മ്യൂണിറ്റി ലാട്രിൻ + ബസ് സ്റ്റാന്റ് പടിഞ്ഞാറുവശം കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവ് | 44,57,000 | 32,35,000 |

ഗുരുവായൂർ നഗരസഭയുടെ 25.01.2018-ലെ ആർ3 19440/17 നം.ലേലം/ടെണ്ടർ നോട്ടീസ് പ്രകാരം നഗരസഭ വക റവന്യൂ വഹകളിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഫീസ് പിരിക്കുന്നതിനുള്ള കുത്തകാവകാശം 09.02.2018 ന് കൗൺസിൽ അംഗീകരിച്ചിട്ടുള്ള പൊതു നിബന്ധനകൾക്കനുസൃതമായി പരസ്യമായി ലേലം/ടെണ്ടർ ചെയ്തു നൽകുന്നതിന് തീരുമാനിക്കുകയും താഴെ പറയുന്ന നിബന്ധനകൾ നൽകുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം. | ഇനം | നിരതദ്രവ്യം | ലേലം/ ടെണ്ടർ പ്രാരംഭ തുക |
|---|---|---|---|
| 1 | ബസ് സ്റ്റാന്റ് ഫീസ് | 50,000 | 17 ലക്ഷം |
| 2 | ടൂറിസ്റ്റ് വാഹന പാർക്കിങ്ങ് ഫീസ് പിരിവ് | 1,00,000 | 67 ലക്ഷം |
| 3 | കമ്മ്യൂണിറ്റി ലാട്രിൻ | 50,000 | 33ലക്ഷം |
| 4 | ആന്ധ്രാ പാർക്ക് കംഫർട്ട് സ്റ്റേഷൻ | 50,000 | 7 ലക്ഷം |
| 5 | ഫലവൃക്ഷങ്ങളിൽ നിന്നുള്ള ഫീസ് പിരിവ് | 25,000 | 1ലക്ഷം |

രണ്ട് തവണ ടെണ്ടറുകൾ ക്ഷണിച്ചിട്ടും ബസ് സ്റ്റാന്റ് ഫീസ്, കമ്മ്യൂണിറ്റി ലാട്രിൻ എന്നിവക്ക്കരാറുകാരെ ലഭിക്കാത്ത സാഹചര്യത്തിൽ ഓഫറുകൾ ക്ഷണിക്കുകയും താഴെ കൊടുത്ത രീതിയിൽ ഓഫറുകൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

| ബസ് സ്റ്റാന്റ് ഫീസ് പിരിവ് | | |
|---|---|---|
| 1 | ടി.കെ.മോഹൻദാസ് | 11,05,000 |
| 2 | വിബിൻ ജോൺസൺ | 10,70,000 |
| 3 | എം.വി.സുരേന്ദ്രൻ | 10,60,000 |

ഓഫർ സമർപ്പിച്ച ടി.കെ.മോഹൻദാസ്, വിബിൻ ജോൺസൺ എന്നിവരുമായി നെഗോഷിയേറ്റ് ചെയ്തതിൽ ഓഫീസ് നിരക്കായ 17 ലക്ഷത്തിനേക്കാൾ കുറവായി താഴെ പറയും പ്രകാരം രേഖാമൂലം എഴുതി സമർപ്പിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | ടി.കെ.മോഹൻദാസ് | 11,10,000 |
| 2 | വിബിൻ ജോൺസൺ | 11,07,000 |

| കമ്മ്യൂണിറ്റി ലാട്രിൻ ഫീസ് പിരിവ് | | |
|---|---|---|
| 1 | ഐ.എ.മോഹനൻ | 28,00,082 |
| 2 | കെ.വി.പ്രമോദ് | 22,22,222 |
| 3 | കെ.ബി.സുനിൽ | 19,50,000 |
| 4 | കെ.എസ്.മോഹനൻ | 18,13,111 |
| 5 | ടി.എ.കുഞ്ഞൻ | 17,25,000 |
| 6 | സി.ഡി.ജോൺസൺ | 16,90,000 |

ഓഫർ സമർപ്പിച്ചവരുമായി സെക്രട്ടറി നെഗോഷിയേറ്റ് ചെയ്തതിൽ താഴെ പറയും പ്രകാരം നെഗോഷിയേറ്റ് ചെയ്ത നിരക്കുകൾ രേഖാമൂലം സമർപ്പിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | ടി.എ.കുഞ്ഞൻ | 20,00,000 |
| 2 | കെ.ബി.സുനിൽ | 19,60,000 |
| 3 | കെ.എസ്.മോഹനൻ | 18,42,002 |
| 4 | സി.ഡി.ജോൺസൺ | 17,50,000 |

ഓഫർ സമർപ്പിച്ചവരിൽ ഏറ്റവും കൂടുതൽ നിരക്ക് രേഖപ്പെടുത്തിയവരായ ഐ.എ.മോഹനൻ, കെ.വി.പ്രമോദ് എന്നിവർ നെഗോസിയേഷന് ഹാജരാകുകയുണ്ടായില്ല.

ലേല/ടെണ്ടർ നോട്ടീസുകളെപോലെ ഓഫറുകൾ ക്ഷണിക്കുമ്പോൾത്തന്നെ ഒരു നിശ്ചിത ഫീസ് അടവാക്കുന്നതിനുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ചിരുന്നുവെങ്കിൽ നിരക്ക് സമർപ്പിച്ച കരാറുകാർ നെഗോസിയേഷന് വരാതിരിക്കുന്ന സാഹചര്യം ഒഴിവാക്കാനും തദ്വാര നഗരസഭക്ക് 8 ലക്ഷത്തോളം രൂപ നഷ്ടപ്പെടാതിരിക്കുന്നതിനുമുള്ള സാധ്യതകൾ ഉണ്ടായിരുന്നു. വരുമാന നഷ്ടം ഉണ്ടാകാതിരിക്കുന്നതിനും കമ്മ്യൂണിറ്റി ലാട്രിൻ ഫീസ് പിരിവ്, ബസ് സ്റ്റാന്റ് ഫീസ് പിരിവ് എന്നിവയിലുണ്ടായിട്ടുള്ള ക്രമാനുഗതമായ കുറവ് പരിഹരിക്കുന്നതിനുമുള്ള നടപടികൾ എടുക്കുന്നതിന് ഭരണ-ഉദ്യോഗസ്ഥതല നടപടികൾ ഉണ്ടാവേണ്ടതുണ്ട്.

## 1-31 ട്രഷറി അക്കൗണ്ടുകളിൽ നിന്നും തുകകൾ അഡ്വാൻസ് ആയി ചെലവ് രേഖപ്പെടുത്തി - വൗച്ചറുകൾ ഹാജരാക്കിയില്ല.

2018-19 വാർഷിക കണക്കിൽ രസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് RP 40 (a) പ്രകാരം വിവിധ അക്കൗണ്ടുകളിൽ മുന്നിരിപ്പ് കാണിച്ചിട്ടുള്ള തുകകൾ RP 41 ലെ 460509909 'Advance to Others' എന്ന ഹെഡ്ഡിൽ ചെലവ് രേഖപ്പെടുത്തിയതായി കാണുന്നു. ചെലവ് സംബന്ധിച്ച വൗച്ചറുകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും (എൻക്വയറി 35/23.12.19) ആയത് ഹാജരാക്കുകയുണ്ടായില്ല. ട്രഷറി അക്കൗണ്ടുകളിടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ്ഡ് | അക്കൗണ്ട് നം | വൗച്ചർ നം /തി | തുക |
|---|---|---|---|
| 450250600 | ട്രഷറി തൈക്കാട് സോണൽ | 21802406/1.4.18 | 23469 |
| 50650700 | TPA-254 ( സബ് ട്രഷറി ചാവക്കാട്) | 21802407/1.4.18 | 3365 |
| 450250300 | ട്രഷറി പൂക്കോട് സോണൽ | 21802408/1.4.18 | 18178 |
| 450450300 | TPA-335 | 21802409/1.4.18 | 304149 |
| 450250700 | VPF(old)913/2 തൈക്കാട് | 21802410/1.4.18 | 19375 |
| 450250800 | OldVPF 1108 പൂക്കോട് | 21802411/1.4.18 | 1375419 |
| 450650500 | TPA-224 | 21802412/1.4.18 | 2713091 |
| 450450400 | MFA-904/1 മുനിസിപ്പാലിറ്റി | 21802413/1.4.18 | 1371362 |

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് 2015-16 വർഷം മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിൽ വരുത്തിയ മാറ്റത്തെ തുടർന്ന് മേൽ തുകകൾ സർക്കാറിലേക്ക് തിരിച്ചടച്ചതായും എന്നാൽ നഗരസഭ രേഖകളിൽ ഈ അക്കൗണ്ടുകളിൽ ബാലൻസ് ഉള്ളതായും കാണിക്കുകയും അക്കൗണ്ടുകളുടെ നിലവിലെ സ്ഥിതി അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ട്രഷറിയ്ക്ക് കത്ത് നൽകിയതായും ( കത്ത് നം എ1-8656/18/10.7.18)മറുപടി ലഭ്യമാക്കുകയുണ്ടായി. തുക സർക്കാരിലേക്ക് തിരിച്ചടച്ചതാണെങ്കിൽ Advance to others എന്ന

ഹെഡിൽ അല്ല ചേർക്കേണ്ടത്. മുൻവർഷങ്ങളിൽ തിരിച്ചടച്ചതിനാൽ Prior period item എന്ന ഹെഡിലാണ് ചേർക്കേണ്ടിയിരുന്നത്. Advance to others എന്ന ഹെഡിൽ ചേർത്തതിനാൽ ബാലൻസ് ഷീറ്റിൽ ഈ തുക ക്രമീകരിക്കുന്നത് വരെ B-18 ഹെഡിൽ ആസ്തിയായി കാണുന്നതുമാണ്. ആയതിനാൽ ഈ വിഷയത്തിൽ ട്രഷറിയുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-32 സർക്കാർ ലക്ഷ്യങ്ങൾ ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള നടപടികളുടെ അഭാവം

സാമ്പത്തിക വളർച്ചയുടെ ഒരു ഉയർന്ന തലത്തിലേക്ക് കേരളത്തെ എത്തിക്കുകയാണ് സംസ്ഥാനത്തിന്റെ 13-ാംപഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യമെന്ന് വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ വ്യക്തമാക്കുന്നുണ്ട്. തൊഴിൽ നൈപുണിക്ക് ഉയർന്ന പരിഗണന നൽകിക്കൊണ്ട് മനുഷ്യവിഭവശേഷിയുടെ സാദ്ധ്യത വലിയ തോതിൽ ഉയർത്തുകയെന്നതും ലക്ഷ്യങ്ങളിൽപ്പെടുന്നു. കേരള മുനിസിപ്പാലിറ്റി ആക്ട് 1-ാം പട്ടിക പ്രകാരവും പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ 2018-19 മുതൽ 2021-22 വരെയുള്ള വാർഷിക പദ്ധതികൾ തയ്യറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 7.4 പ്രകാരവും ചെറുകിട വ്യവസായങ്ങളും തൊഴിൽ പരിശീലനങ്ങളും മുനിസിപ്പാലിററിയുടെ ചുമതലകളിൽപ്പെടുന്നതാണ്. എന്നാൽ നഗരസഭയിൽ ഒരു ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ ഉണ്ടെങ്കിലും 2018-19 സാമ്പത്തിക വർഷത്തിൽ ഗുരുവായൂർ നഗരസഭയിൽ' *വിധവകൾക്ക് സ്വയംതൊഴിൽ സ്ഥാപനത്തിന് ധനസഹായം*'( so 053/19) എന്ന ഒരു പദ്ധതി മാത്രമാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. സംസ്ഥാന സർക്കാർ വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ ഫലപ്രാപ്തിയിലെത്തിക്കുന്ന തരത്തിലുള്ള നടപടികൾ നഗരസഭയുടെ ഉദ്യോഗസ്ഥതലത്തിലും ഭരണതലത്തിലും ഉണ്ടാകേണ്ടതുണ്ട്.

## 1-33 പൊതുസ്വഭാവമുള്ള പദ്ധതികൾ വ്യത്യസ്ത ഉദ്യോഗസ്ഥർ നിർവ്വഹണം നടത്തുന്നത് അഭിലഷണീയമല്ല

സെക്രട്ടറി തൻവർഷം നിർവ്വഹണം നടത്തിയ വനിത മാലിന്യപരിപാലന സേനയിലേക്ക് ആവശ്യമായ സാധനസാമഗ്രികൾ വാങ്ങൽ (S0058/19) പദ്ധതിയും ഹെൽത്ത് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ ഹരിതസേന രൂപീകരണം (S0094/19) പദ്ധതിയും സമാനസ്വഭാവമുള്ള പദ്ധതികളാണ്. മാലിന്യശേഖരണത്തിൽ ഏർപ്പെട്ടിരിക്കുന്ന സേനാംഗങ്ങൾക്ക് ആവശ്യമായ സാധനസാമഗ്രികൾ വാങ്ങി നൽകുകയെന്നതാണ് രണ്ടു പദ്ധതികളുടേയും ലക്ഷ്യം. എന്നാൽ, ഈ പദ്ധതികൾ രണ്ട് നിർവ്വഹണോദ്യോഗസ്ഥർ നിർവ്വഹണം നടത്തിയതുമൂലവും മറ്റ് കാരണങ്ങൾ കൊണ്ടുണ്ടായതുമായ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

എ) ടെണ്ടർ പരസ്യം നൽകുന്നതിൽ അധികചെലവ്

വനിതാമാലിന്യപരിപാലനസേനയിലേക്ക് സാധനസാമഗ്രികൾ വാങ്ങൽ എന്ന പദ്ധതിക്ക് ടെണ്ടർ ക്ഷണിച്ചുകൊണ്ട് പരസ്യം ചെയ്ത വകയിൽ ആകെ 12,516/- രൂപയാണ് ചെലവഴിച്ചത്. ഇ-ടെണ്ടർ ക്ഷണിച്ചുകൊണ്ട് മാധ്യമം ദിനപത്രത്തിൽ നൽകിയ പരസ്യം ഡിജിറ്റൽ സിഗ്നേച്ചറുമായി ബന്ധപ്പെട്ടുണ്ടായ സാങ്കേതികതകരാർ മൂലം പ്രയോജനശൂന്യമായിത്തീരുകയും ചെലവുതുക 3990/- രൂപ പാഴാവുകയും ചെയ്തിട്ടുണ്ട്. ഇതിനായി മലയാളദിനപത്രത്തിലും ഇംഗ്ലീഷ് ദിനപത്രത്തിലും പരസ്യം ചെയ്തതിന് യഥാക്രമം 3990/- രൂപയും 4536/- രൂപയും വീണ്ടും ചെലവഴിക്കേണ്ടിവന്നു.

ഹരിതസേന രൂപീകരണം എന്ന പദ്ധതിക്ക് ടെണ്ടർ പരസ്യം നൽകിയതിന് മാധ്യമം, ഇന്ത്യൻ എക്സ്പ്രസ്സ് എന്നീ പത്രങ്ങൾക്ക് യഥാക്രമം 4788/- രൂപയും 4536/- രൂപയും (ആകെ - 9324/-) വേറെയും

നൽകേണ്ടിവന്നിട്ടുണ്ട്. രണ്ടുപദ്ധതികളിലേയും ടെണ്ടർ പരസ്യചെലവ് കണക്കാക്കുമ്പോൾ (12516 + 9324 = 21840) മൊത്തം പദ്ധതി അടങ്കലിന്റെ (452893 + 200000 = 652893) 3.35 ശതമാനമാണ്.

ബി) ഒരേ സാധനത്തിന് വ്യത്യസ്തവില

വനിതാമാലിന്യപരിപാലനസേനയിലേക്ക് സാധനസാമഗ്രികൾ വാങ്ങൽ എന്ന പദ്ധതിയിൽ കേരള അഗ്രോ ഇൻഡസ്ട്രീസിൽ നിന്നും പ്ലാസ്റ്റിക് ചാക്ക് വാങ്ങിയിരിക്കുന്നത് ഒന്നിന് 21.57 രൂപ നിരക്കിലും (1250 എണ്ണം) ഹരിതസേന രൂപീകരണം എന്ന പദ്ധതിയിൽ ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയത് ഒന്നിന് 15.67 രൂപ നിരക്കിലുമാണ്. ഒരു ചാക്കിന് 5.90 രൂപ വിലവ്യത്യാസം വരുന്നതിനാൽ 1250 ചാക്കുകൾക്ക് 7375/- രൂപ അധികം നൽകേണ്ടിവന്നു. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (11/19.12.2019) മറുപടിയിൽ ചാക്കുകൾ വെവ്വേറെ വലിപ്പത്തിലുള്ളതാണെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ആയത് സ്ഥിരീകരിക്കുന്നതിനുള്ള രേഖകളൊന്നും ലഭ്യമല്ല.

സി) വാങ്ങിയ സാധനസാമഗ്രികൾ വിതരണം നടത്തിയതിന്റെ രേഖകളില്ല

വാങ്ങിയ സാധനസാമഗ്രികൾ ആരോഗ്യവിഭാഗത്തിലെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും 150 ജോഡി യൂണിഫോം തുണിയൊഴികെയുള്ളവയുടെ വിതരണവിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. വനിതാമാലിന്യപരിപാലനസേനയുമായോ ഹരിതസേനയുമായോ വിതരണത്തിന് മുമ്പ് ഏതെങ്കിലും തരത്തിലുള്ള കരാറിൽ ഏർപ്പെട്ടതിന് ഫയലിൽ രേഖകളില്ല. യൂണിഫോം തുണി സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 76 പേർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഹരിതസേനയിൽ നിലവിൽ 42 അംഗങ്ങൾ മാത്രമേ (ഐ.ആർ.ടി.സി.യുടെ 12.11.19 ലെ റിപ്പോർട്ട് പ്രകാരം) പ്രവർത്തിക്കുന്നുള്ളൂ. 46 % അംഗങ്ങളും സേനയിൽ നിന്ന് വിട്ടുപോയിരിക്കുന്നു.

## 1-34 ജൈവവൈവിധ്യ രജിസ്റ്റർ ഡിജിറ്റൈസ് (ഇ -പി.ബി.അർ) ചെയ്യാൻ ദിവസവേതനത്തിൽ പ്രത്യേക നിയമനം നടത്തി

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് സെക്രട്ടറിയുടെ 17.10.19 ലെ കൺസർ / 2629/16/KSBB നമ്പർ കത്ത്, നഗരകാര്യഡയറക്ടറുടെ 24.10.19 ലെ ഡി.സി.1-29079/16 നമ്പർ കത്ത് എന്നിവ പ്രകാരം ജൈവവൈവിധ്യരജിസ്റ്റർ (പീപ്പിൾസ് ബയോഡൈവേഴ്സിറ്റി രജിസ്റ്റർ) ഡിജിറ്റൈസ് ചെയ്യേണ്ടതുണ്ട്. മേൽ സൂചിപ്പിച്ചതിലെ ആദ്യകത്തു പ്രകാരം തദ്ദേശഭരണസ്ഥാപനത്തിലെ ടെക്നിക്കൽ അസിസ്റ്റന്റിനെ ഈ പ്രവൃത്തിക്ക് പ്രയോജനപ്പെടുത്തേണ്ടതാണ്. ഇതിനായി, ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് 2019 ജൂലൈ 23 ന് കേരള സംസ്ഥാന ജൈവവൈവിധ്യബോർഡ് പരിശീലനവും നൽകുകയുണ്ടായി. എന്നാൽ, ഈ നിർദ്ദേശം പാലിക്കാതെ ഡാറ്റാ എൻട്രി പ്രവൃത്തിക്കായി 2019-20വർഷം രണ്ടുപേരെ 18 ദിവസത്തേക്ക് പ്രതിദിനം 740/- രൂപ നിരക്കിൽ നിയമിച്ച് വേതനം നൽകുന്നതിനുള്ള കുറിപ്പ് ഫയലിലിലുണ്ട് ( ഫയൽ നമ്പർ - H1-73/12). ഇതിനാധാരമായ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി തീരുമാനങ്ങൾ ലഭ്യമല്ല. കേരള സംസ്ഥാനജൈവവൈവിധ്യബോർഡ് സെക്രട്ടറിയുടെ നിർദ്ദേശത്തിന് വിരുദ്ധമായി ഡിജിറ്റൈസേഷന് വേണ്ടി പ്രത്യേകനിയമനം നടത്തിയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (6/18.12.19) മറുപടിയിൽ രജിസ്റ്ററിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിവരങ്ങളുടെ ബാഹുല്യം മൂലമാണ് പ്രത്യേകനിയമനം നടത്തിയതെന്ന് വിശദീകരിച്ചിട്ടുണ്ട്. നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിക്കേണ്ടിവരുന്ന സാഹചര്യങ്ങളിൽ സർക്കാരിൽ നിന്നും മുൻകൂർ അനുമതി തേടിക്കൊണ്ട് മാത്രം നിയമനം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 മാലിന്യസംസ്കരണത്തിന് വാഹനം വാങ്ങൽ പദ്ധതി - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പദ്ധതി നമ്പർ : S0058/19

അടങ്കൽ : 18,00,000/-

ഫണ്ട് : ധനകാര്യകമ്മീഷൻ ഗ്രാന്റ്

ചെലവ് : 12,06,531/-

ട്രഷറി ബിൽ : 30/18-19 dt. 22.03.19

മേൽപദ്ധതിയിൽ മഹീന്ദ്ര സുപ്രോ മാക്സിട്രക്ക് (കാബിൻ & ഷാസ്സി മാത്രം) മൂന്നെണ്ണം ഗവൺമെന്റ് ഇ-മാർക്കറ്റിൽ (GeM) നിന്നും വാങ്ങുന്നതിന് ഭരണസമിതി 28.02.19 ലെ 5-ാം നമ്പർ തീരുമാനപ്രകാരം നിശ്ചയിക്കുകയും തൻവർഷം 12,06,531/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങൾക്ക് GeM ൽ നിന്ന് വാഹനങ്ങൾ വാങ്ങുന്നതിന് ജി.ഒ.(ആർ.ടി) നം. 67/2017/SPD തി. 25.11.17 പ്രകാരം ചില വ്യവസ്ഥകൾക്ക് വിധേയമായി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 3.ii പ്രകാരം മൂന്നോ അതിലധികമോ വാഹനങ്ങൾ വാങ്ങുന്ന സാഹചര്യത്തിൽ (Original Equipment Manufacturer (OEM), മോഡൽ എന്നീ വിശദാംശങ്ങൾ സഹിതം ഭരണാനുമതി നൽകുമ്പോൾ) സിംഗിൾ ടെണ്ടർ രീതിയാണ് വാങ്ങലിന് അവലംബിക്കേണ്ടത്. ഒറിജിനൽ ഇക്വിപ്മെന്റ് മാനുഫാക്ചററിൽ നിന്നും സ്പെഷ്യലൈസ്ഡ് ഗവൺമെന്റ് പ്രൈസ് ലഭ്യമാക്കി ആ വില GeM ലെ വിലയേക്കാൾ കുറവാണെന്ന് ഉറപ്പുവരുത്തിയാണ് വാങ്ങൽ നടത്തേണ്ടത്. എന്നാൽ, നഗരസഭ നടത്തിയ വാങ്ങലിൽ ഈ നടപടിക്രമം പാലിച്ചിട്ടില്ല. വാഹനങ്ങൾ വാങ്ങുമ്പോൾ ആയതുമായി ബന്ധപ്പെട്ട എല്ലാ സർക്കാർ നിർദ്ദേശങ്ങളും പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-36 ഫർണ്ണിച്ചർ വാങ്ങുന്നതിന് ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥ : എച്ച്.എം, ജി.എച്ച്.എസ്
പദ്ധതി നമ്പർ : S0046/19

അടങ്കൽ : 1,00,000/-

ചെലവ് : 1,00,000/-

സ.ഉ (കൈ) നം. 17/18/തസ്വഭവ തി. 02.02.18, ഖ.6.6.iv പ്രകാരം ആശുപത്രികൾ, സ്കൂളുകൾ, അങ്കണവാടികൾ തുടങ്ങിയ സാമൂഹ്യആസ്തികളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമാണ് പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ ഉപയോഗിക്കാവുന്നത്. ധനകാര്യവകുപ്പിന്റെ സ.ഉ.(എം.എസ്) നം. 300/18/ധന തി. 17.08.18 പ്രകാരം ഈ വിഷയത്തിൽ സർക്കാർ കൂടുതൽ വ്യക്തത വരുത്തിയിട്ടുമുണ്ട്. എന്നാൽ, നഗരസഭ മേൽസൂചിപ്പിച്ച പദ്ധതിയിൽ ഫർണ്ണിച്ചർ വാങ്ങുന്നതിന് ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ചിട്ടുണ്ട്. ഇത് ശരിയായ നടപടിയല്ല. ധനകാര്യകമ്മീഷൻ ഗ്രാന്റ് നിർദ്ദേശിക്കപ്പെട്ട മേഖലകളിൽ മാത്രം വിനിയോഗിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-37 യോഗപരിശീലനം - അധിക ഓണറേറിയം നൽകി

നിർവ്വഹണ ഉദ്യോഗസ്ഥ : എച്ച്.എം, ജി.എച്ച്.എസ്
പദ്ധതി നമ്പർ : S0022/19

അടങ്കൽ : 1,00,000/-

ഫണ്ട് : വികസനഫണ്ട് (പൊതുവിഭാഗം)

ചെലവ് : 20,000/-

ട്രഷറി ബിൽ : 9/18-19 dt. 20.03.19

എ) സ.ഉ(കൈ) നം. 22/18/തസ്വഭവ തി. 14.02.18 പ്രകാരം യോഗപരിശീലകക്ക് ഒരു സെഷന് 400/- രൂപ നിരക്കിലാണ് ഓണറേറിയം നൽകാവുന്നത്. എന്നാൽ, മേൽ പദ്ധതിയിൽ ഒരു സെഷന് 500/- രൂപ നിരക്കിൽ 30 സെഷനുകൾക്ക് ആകെ 15,000/- രൂപ പരിശീലകയായ ശ്രീമതി.രജനി സുരേഷിന്

നൽകിയിട്ടുണ്ട്. അധികം നൽകിയ 3,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. (ഓഡിറ്റ് എൻക്വയറി നം. 29/21.12.19)

ബി) ട്രഷറി ബിൽ പ്രകാരം വന്ദനടെക്സ് ലാൻഡ് എന്ന സ്ഥാപനത്തിന് 5,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ, ചെലവുമായി ബന്ധപ്പെട്ട രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, 5000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-38 തായ്കൊണ്ടോ പരിശീലനപദ്ധതി - അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥ : എച്ച്.എം, ജി.എച്ച്.എസ്

എ) പതിമൂന്നാം പഞ്ചവത്സരപദ്ധതിയിൽ നഗരസഭകളുടേയും കോർപ്പറേഷനുകളുടേയും 2018-19 മുതലുള്ള വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയായ സ.ഉ.(കൈ) നം. 17/18/ തസ്വഭവ തി. 02.02.18 ഖ. 7.6.12 പ്രകാരം നിർഭയപദ്ധതി പ്രകാരമുള്ള പ്രതിരോധപരിശീലനപരിപാടിയായ തായ്കൊണ്ടോയിൽ ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിദ്യാർത്ഥിനികൾക്കാണ് പരിശീലനം നൽകാവുന്നത്. എന്നാൽ, ഹാജർപത്രിക പ്രകാരം മേൽപദ്ധതിയിൽ ആകെ നൽകിയ 100 ക്ലാസ്സുകളിൽ 50 എണ്ണവും എ.യു.പി സ്കൂൾ ഗുരുവായൂരിലെ വിദ്യാർത്ഥിനികൾക്കാണ് നൽകിയിട്ടുള്ളത്.

ബി) 100 ക്ലാസ്സുകൾ നടത്തിയതിന് 65,000/- രൂപ പരിശീലകയായ ശ്രീമതി. അശ്വതി മഹേഷിന് നൽകിയിട്ടുണ്ട്. പ്രതിഫലം / വേതനം നിശ്ചയിച്ചതിന് സ്വീകരിച്ച സർക്കാർ ഉത്തരവ് / മാനദണ്ഡം ഏതെന്ന് വ്യക്തമല്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/21.12.2019)മറുപടി ലഭിച്ചില്ല. ആയതിനാൽ 65000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-39 പട്ടികജാതി /പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് മോട്ടിവേഷൻ ക്ലാസ്സ് - ട്രയിനർ അംഗീകരിക്കപ്പെട്ട പാനലിലുൾപ്പെട്ടതാണോയെന്ന് വ്യക്തമല്ല

നിർവ്വഹണ ഉദ്യോഗസ്ഥ : എച്ച്.എം., ജി.എച്ച്.എസ്

സെബാസ്റ്റ്യൻ സി.ജെ., ചെറുവത്തൂർ ഹൗസ്, വെങ്കിടങ്ങ് പി.ഒ എന്നയാൾക്ക് പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് മോട്ടിവേഷൻ ക്ലാസ്സ് നടത്തിയ വകയിൽ 15,000/- രൂപ നൽകിയിട്ടുണ്ട്. സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരം മോട്ടിവേഷൻ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി അംഗീകരിക്കപ്പെട്ട ട്രയിനർമാരുടെ പാനൽ ജില്ലാപഞ്ചായത്ത് തയ്യാറാക്കേണ്ടതും ഓരോ സ്കൂളുകൾക്കും ട്രയിനർമാരേയും അവർക്കുള്ള ഓണറേറിയവും നൽകേണ്ടതുമാണ്. എന്നാൽ, നഗരസഭ പദ്ധതി നിർവ്വഹണത്തിന് ട്രയിനറെ നേരിട്ട് നിയോഗിച്ചതായി കാണുന്നു. ഈ പരിശീലകൻ അംഗീകരിക്കപ്പെട്ട പാനലിലുള്ളതാണെങ്കിൽ രേഖ ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (29/21.12.19) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഇത്തരം ക്ലാസ്സുകൾ വരുംവർഷങ്ങളിൽ നടത്തുന്നുണ്ടെങ്കിൽ മാർഗ്ഗരേഖ നിർദ്ദേശിക്കുന്ന രീതിയിൽ മാത്രം നിർവ്വഹണം നടത്തേണ്ടതാണ്.

## 1-40 മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മെഡിക്കൽ ഓഫീസർ പി.എച്ച്.സി പൂക്കോട് നടപ്പിലാക്കിയ പദ്ധതികളോടനുബന്ധിച്ച് അപാകത താഴെ ചേർക്കുന്നു.

1)so 38/19 – പൂക്കോട് ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നു വാങ്ങൽ

പദ്ധതി അടങ്കൽ – 400000/-

ചെലവ് – 400000/-

(ട്രഷറി ബിൽ നം.10/17-18 തീ.30.11.2018)

മരുന്നുകൾ ലഭ്യമാക്കുന്നതിനായി 4 ലക്ഷം രൂപ കേരള സ്റ്റേറ്റ് ഹോമിയോപതിക് കോഓപ്പറേറ്റീവ് ഫാർമസിക്ക് കൈ മാറിയിട്ടുണ്ട്. ആയതിൽ 132588രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. ബാക്കി തുകക്കുള്ള മരുന്നുകളുടെ ലഭ്യതാ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2)372/19-പെയിൻ ആന്റ് പാലിയേറ്റീവ് - മരുന്നു വാങ്ങൽ പദ്ധതി

പദ്ധതി അടങ്കൽ –1000000/-

ചെലവ് – 1000000/-

(ട്രഷറി ബിൽ നം.16/18-19 തീ.15.1.19)

മരുന്നുകൾ ലഭ്യമാക്കുന്നതിനായി 1000000/-രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനു കൈ മാറിയിട്ടുണ്ട്. 737385രൂപയ്ക്കുള്ള മരുന്നുകളാണ് ലഭിച്ചിട്ടുള്ളത്. ബാക്കി തുകക്കുള്ള മരുന്നുകളുടെ ലഭ്യതാ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-41 മേശ,കസേര വിതരണം -- രേഖകൾ ഹാജരാക്കിയില്ല.

നിർവഹണ ഉദ്യോഗസ്ഥൻ -- പട്ടികജാതി വികസന ഓഫീസർ

പ്രോജക്ട് - 5 ക്ലാസ് മുതൽ 8ക്ലാസ് വരെ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വിതരണം --S092/19

ബിൽ നം.-- CB 6/18-19/20.1.2019 --- 405000

CB 9/18-19/22.3.2019 ---125000

CB 10/18-19/26.3.2019 --- 130000

CB 11/18-19/26.3.2019 --- 125000

ആർട്ട്കോ ലിമിററഡ് എന്ന സ്ഥാപനത്തിൽ നിന്ന് 157 മേശ കസേര എന്നിവ വാങ്ങി.

നഗരസഭ കൗൺസിൽ 28.6.18 ലെ 20ം തീരുമാനപ്രകാരം അംഗീകരിച്ച 61 പേരുടെ ലിസ്റ്റും വിവിധ സ്കൂളുകളിൽ നിന്ന് ലഭ്യമാക്കിയ ലിസ്ററും ആണ് ഓഡിറ്റിന് ലഭ്യമാക്കിയത്. സ്കൂളുകളിൽ നിന്ന് ലഭ്യമാക്കിയ ലിസ്റ്റ് നഗരസഭ അംഗീകരിച്ചിട്ടില്ല.

61 പേരുടെ ലിസ്റ്റിൽ 23 ഗുണഭോക്താക്കളുടെ അപേക്ഷ, ജാതി സർട്ടിഫിക്കറ്റ്,കൈപ്പറ്റ് രസീത്,നഗരസഭയിൽ സ്ഥിരതാമസക്കാരാണെന്ന രേഖ എന്നിവയൊന്നും തന്നെ ഹാജരാക്കിയിട്ടില്ല.

സ്കൂളുകളിൽ നിന്ന് ലഭ്യമാക്കിയ ലിസ്റ്റ് പ്രകാരം മേശ കസേര എന്നിവ അധ്യാപകർക്ക് നൽകി കൈപ്പറ്റ് രസീത് ലഭ്യമാക്കുകയാണ് ചെയ്തത്.

15 സ്കൂളുകളിൽ നിന്ന് ലഭ്യമാക്കിയ ലിസ്റ്റിൽ ഗുണഭോക്താക്കൾ ഗുരുവായൂർ നഗരസഭയിൽ സ്ഥിരതാമസക്കാരാണെന്ന തെളിയിക്കുന്ന രേഖകൾ ഇല്ല.പല ലിസ്റ്റിലും വിദ്യാർത്ഥികൾ പട്ടികജാതി വിഭാഗത്തിൽ പെടുന്നവരാണെന്ന് അധ്യാപകർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

സെന്റ് ആന്റണീസ് സി യു പിഎസ്, പാലുവായ് എന്ന സ്കൂളിൽ നിന്നും ലഭ്യമാക്കിയ ലിസ്റ്റിൽ ഉൾപ്പെടാത്ത ഭവ്യലക്ഷ്മി, ഭാഗ്യലക്ഷ്മി എന്ന വിദ്യാർത്ഥികൾക്ക് മേശ കസേര വിതരണം ചെയ്തതായി കാണുന്നു.

ആർട്ട്കോ ലിമിററഡ് പ്രഫോർമ ഇൻവോയ്സിലും സപ്ലൈ ചെയ്ത ബില്ലിലും വ്യത്യസ്ത നിരക്കുകളാണ് ചേർത്തിട്ടുള്ളത്.ആർട്ട്കോയുടെ വിലവിവരപ്പട്ടിക പരിശോധിച്ച് അതിൽ ഉൾപ്പെടുന്ന ഇനങ്ങൾ തന്നെയാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

പ്രഫോർമ ഇൻവോയ്സിൽ കാണിച്ച ഗുണനിലവാരമുള്ളവയാണ് സപ്ലൈ ചെയ്തതെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി 39/24.12.2019 ന് മറുപടി ലഭ്യമാക്കിയില്ല.

രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 785000 രൂപ തടസ്സപ്പെടുത്തുന്നു.

# 1-42 പി എം എ വൈ പദ്ധതി

നഗരസഭയിൽ പി എം എ വൈ പദ്ധതി നടത്തിപ്പിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| DPR | ഗുണഭോക്താക്കൾ | കരാർ വച്ചവർ |
|---|---|---|
| DPR 1 | 293 | 281 |
| DPR 2 | 97 | 97 |
| DPR 3 | 146 | 140 |
| DPR 4 | 476 | 424 |
| ആകെ | 1012 | 942 |

ലഭ്യമായ ഫണ്ട്

| വർഷം | കേന്ദ്രഫണ്ട് | സംസ്ഥാനഫണ്ട് | നഗരസഭാവിഹിതം | ആകെ |
|---|---|---|---|---|
| 2016-17 | 7500000 | 2500000 | 11150000 | 21150000 |
| 2017-18 | 11250000 | 3750000 | 16050000 | 31050000 |
| 2018-19 | 46620000 | 15540000 | 19402318 | 81562318 |

കൂടാതെ 2018-19 ൽ 18400000 രൂപ ഹഡ്കോ ലോൺ ആയി ലഭിച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ

ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ വരവ് വക്കുന്നതിന് ബാങ്കിലേക്ക് നൽകിയതിൽ ധാരാളം തുക Neft Return ആയി തിരികെ PMAY അക്കൗണ്ടിൽ (പഞ്ചാബ് നാഷണൽ ബാങ്ക്,ഗുരുവായൂർ--4275000100553686) വന്നിട്ടുള്ളതായി കാണുന്നു.

2018-19 ൽ തിരികെ വന്ന തുകയുടെ വിവരം

| തീയതി | തുക |
|---|---|
| 3.4.18 | 120000 |
| 5.4.18 | 420000 |
| 24.5.18 | 360000 |
| 25.5.18 | 150000 |
| 4.7.18 | 420000 |
| 11.7.18 | 30000 |
| 1.8.18 | 2280000 |
| 6.10.18 | 270000 |
| 26.10.18 | 390000 |
| 16.11.18 | 60000 |
| 26.11.18 | 30000 |
| 30.11.18 | 150000 |
| 7.2.19 | 120000 |
| 21.3.19 | 30000 |

ഇത് തിരികെ ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ വരവ് വക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.മാത്രമല്ല ബാങ്കിലേക്ക് നൽകുന്ന സ്റ്റേറ്റ്മെന്റ് പരിശോധിച്ച് ഗുണഭോക്താക്കളുടെ അക്കൗണ്ട് നം.,IFSC കോഡ് എന്നിവ കൃത്യമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

വിവിധ തീയതികളിൽ PNB Accounts എന്ന പേരിൽ തുക അക്കൗണ്ടിൽ നിന്ന് പിൻവലിക്കപ്പെട്ടിട്ടുണ്ട്എന്ന് ബാങ്ക് സ്റ്റേറ്റ്മെന്റിൽനിന്ന് വ്യക്തമാണ്.ആയത് അതാത് ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

തുക രണ്ട് പ്രാവശ്യം പിൻവലിക്കപ്പെട്ടിരിക്കുന്നു

ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ വരവ് വക്കുന്നതിന് ബാങ്കിലേക്ക് നൽകുന്ന പത്രിക പ്രകാരം ഒരേ ഗുണഭോക്താക്കൾക്ക് ഒന്നിലധികം തവണ തുക അക്കൗണ്ടിൽ നൽകിയതായി കാണുന്നു.

ചില ഉദാഹരണങ്ങൾ

| പേര് | തുക | പിൻവലിച്ച തീയതികൾ | |
|---|---|---|---|
| സുവിഷ | 30000 | 4.7.18 | 11.7.18 |
| കോമള | 30000 | 4.7.18 | 11.7.18 |
| ബുഷറ | 30000 | 4.7.18 | 11.7.18 |
| ബാലൻ | 30000 | 4.7.18 | 11.7.18 |
| ഷോബിത | 120000 | 4.7.18 | 11.7.18 |
| ഭവാനി | 120000 | 4.7.18 | 11.7.18 |

ഇപ്രകാരം പിൻവലിക്കപ്പെട്ട തുകകളിൽ ഒരു പ്രാവശ്യം പിൻവലിച്ച തുകക്ക് മാത്രമാണ് ഗുണഭോക്താവിന് അർഹതയുള്ളൂ.അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

തുക അക്കൗണ്ടിലേക്ക് മാറ്റിയതായി കാണുന്നില്ല

ബാങ്കിലേക്ക് നൽകിയ സ്റ്റേറ്റ്മെൻറിലുള്ള എല്ലാ ഗുണഭോക്താക്കളുടെയും അക്കൗണ്ടിലേക്ക് മാറ്റിയതായി കാണുന്നില്ല.

ചില ഉദാഹരണങ്ങൾ

| ചെക്ക് നം/ വൗച്ചർ നം | തുക | പിൻവലിക്കാത്തവർ | തുക |
|---|---|---|---|
| 440940/18.5.18 | 5640000 | സൈനബ | 30000 |
| | | സരോജിനി | 30000 |
| | | മീനാക്ഷി | 30000 |
| 921492/28.6.18 | 4290000 | ജനീഷ | 120000 |
| | | ഷിജി | 120000 |
| 66/27.9.18 | 960000 | ശ്യാമള | 120000 |
| | | ദാക്ഷായണി | 120000 |
| 33/5.10.18 | 4140000 | സരോജിനി | 120000 |
| | | സുബിത | 120000 |
| | | വിലാസിനി | 120000 |

ഇപ്രകാരം തുക അക്കൗണ്ടിൽ ലഭ്യമാകാത്ത ഗുണഭോക്താക്കളുടെ ലിസ്റ്റ് പരിശോധനാവിധേയമാക്കി അവർക്ക് അർഹതപ്പെട്ട തുക ലഭ്യമായി എന്നുറപ്പുവരുത്തേണ്ടതാണ്.

## 1-43 രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല

പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യനിർമ്മാർജന സെൽ നടപ്പാക്കിയ വിവിധ ഭവനനിർമ്മാണ പദ്ധതികൾ പ്രകാരം ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്ന വിവരം ചേർക്കുന്ന രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല.ബിൽ പ്രകാരം പിൻവലിക്കുന്ന തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ വിവരം രജിസ്റ്ററിൽ കൃത്യമായി ചേർക്കുന്നില്ല.

ഗുണഭോക്താക്കൾക്ക് നൽകിയ ധനസഹായത്തിന്റെ വിവരം ചേർക്കുന്നില്ല.

ഉദാ;

| പ്രോജക്ട് | ബിൽ നം/ ചെക്ക് നം | തുക | ഗുണഭോക്താവ് | കൈപ്പറ്റിയ തുക(രജിസ്റ്റർ പ്രകാരം ) |
|---|---|---|---|---|
| S348/19-ലൈഫ് ഭവനം | 10/25.7.18 | 574000 | ഗിരിജ ടി എസ് | 20000 |
| | | | രാജി രാജൻ | 80000 |
| | 15/26.9.18 | 20000 | ജലജ കെ ജെ | 20000(9.3. |

| | | | | |
|---|---|---|---|---|
| | | | | 18 ന് 20000നൽകി) |
| S368/18-ലൈഫ് പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം | 12/31.7.18 | 737000 | രമ | 60000 |
| | 21/30.11.18 | 326000 | രാജി രാജൻ | 80000 |
| | | | സരസ്വതി | 80000 |
| | 23/28.2.19 | 60000 | രമ | 60000 |
| | 27/27.3.19 | 392500 | സീനത്ത് കമറുദ്ദീൻ | 42500 |
| | | | ഗിരിജ ടി എസ് | 20000 |
| | | | രമ | 52000 |
| | | | ദീപ | 32000 |
| | | | പ്രിയ | 86000 |
| | | | കാഞ്ചന | 60000 |
| S349/19-ലൈഫ് (SC) | 8/30.6.18 | 710500 | ശാരദ | 75000 |
| | 13/14.9.18 | 1223500 | രജിത | 90000 |
| | | | പ്രജിത | 90000 |
| | | | ശാരദ | 6000 |
| PMAY പദ്ധതി | 921491/18.6.18 | 4950000 | ശാന്തകുമാരി | 30000 |

ലൈഫ് പദ്ധതി

| പേര് | ഫയൽപ്രകാരം തുക | രജിസ്റ്റർ പ്രകാരം തുക |
|---|---|---|
| സുനിത കോറോട്ട് | 20000 | 40000 |
| പ്രജിത കൊഴക്കി | 360000 | 270000 |
| വിജയൻ കൊഴപ്പാട്ട് | 100000 | 200000 |

ഫയൽ പ്രകാരം ഗുണഭോക്താവ് കൈപ്പറ്റിയ തുകയും,രജിസ്റ്റർ പ്രകാരം കൈപ്പറ്റിയ തുകയും വ്യത്യസ്തമാണ്.ഇതുമൂലം ഒരു ഗുണഭോക്താവ് എത്ര തുക കൈപ്പറ്റി എന്നും കൂടുതൽ തുക കൈപ്പറ്റിയിട്ടുണ്ടോ എന്നും ഉറപ്പുവരുത്താൻ കഴിയുന്നില്ല.

ഓരോ ഗുണഭോക്താവിനും ധനസഹായം നൽകുമ്പോൾ ആയത് രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തേണ്ടതാണ്.ഗുണഭോക്താവ് അധിക തുക കൈപ്പറ്റിയിട്ടില്ലെന്നും അർഹരായ എല്ലാവർക്കും ധനസഹായം ലഭിച്ചുവെന്നും ഉറപ്പുവരുത്തേണ്ടതാണ്.

## 1-44 അമൃത് പദ്ധതി

നഗരസഭയുടെ വികസനത്തിനായി കേന്ദ്രസംസ്ഥാനസർക്കാർ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ്. 50% കേന്ദ്രഫണ്ട്, 30% സംസ്ഥാനഫണ്ട് 20% നഗരസഭാവിഹിതം എന്നിങ്ങനെയാണ് പദ്ധതിയുടെ ഫണ്ട് വിഹിതം.

ഗുരുവായൂർ നഗരസഭയിൽ അമൃത് പദ്ധതിയിൻ കീഴിൽ 5 പ്രോജക്കുകളാണ് നടപ്പാക്കുന്നത്.

1. Storm Water Drainage ---13.85 കോടി

2.Green Space and Park --- 5.5കോടി

3.Urban Transportation ---- 33.17കോടി

4.Water Supply ----- 146.08 കോടി

5.Sewerage –Construction of Septage Treatment Plant --- 4.50കോടി

ആകെ 203.10 കോടിയുടെ പദ്ധതികളാണ് നടപ്പാക്കുന്നത്.

a)Water Supply Scheme

ഈ പദ്ധതി 2 രീതിയിലാണ് നടപ്പാക്കുന്നത്.കേരള വാട്ടർ അതോറിറ്റിയും നഗരസഭയും നടപ്പാക്കുന്ന പദ്ധതികളാണ്.

1.കേരള വാട്ടർ അതോറിറ്റി

136.08 കോടി വകയിരുത്തിയ പദ്ധതിയാണ്. എട്ടുമുന എന്ന സ്ഥലത്ത് പമ്പ് ഹൗസ് സ്ഥാപിച്ച് കരുവന്നൂർ പുഴയിൽ നിന്ന് വെള്ളം കോട്ടപ്പടിയിലെ ജലശുദ്ധീകരണപ്ലാന്റിലെത്തിച്ച് മൂന്ന് സോണൽ റിസർവോയറുകളിൽ എത്തിച്ച് വിതരണം ചെയ്യുന്ന പദ്ധതിയാണ്.മാർച്ച് 2020 ന് പദ്ധതി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.ഇതുവരെ 77.09 കോടി ചെലവഴിച്ചു.

2.നഗരസഭ

നിലവിലുള്ള കുളങ്ങൾ നവീകരിക്കുന്നതാണ് പദ്ധതി.ആകെ 10കോടി വകയിരുത്തിയ പദ്ധതിയിൽ 6 കുളങ്ങൾ നവീകരിക്കുന്നതിന് ഉദ്ദേശിച്ചിരുന്നുവെങ്കിലും ഒരെണ്ണം ഒഴിവാക്കി. മറ്റു പദ്ധതികൾ ആരംഭിച്ചിട്ടില്ല.

b) Construction of Septage Treatment Plant

100KLD Septage Treatment Plant പ്രവൃത്തിക്കായി 4.50 കോടി വകയിരുത്തി. പദ്ധതി ഡിസംബർ 2019 ന് ആരംഭിക്കുമെന്നാണ് നഗരസഭ അറിയിച്ചത്.

c) Storm Water Drainage

13.85 കോടി അടങ്കലുള്ള ഈ പദ്ധതി 12 പ്രോജക്ടുകളായാണ് നടപ്പിലാക്കുന്നത്.10 എണ്ണം പൂർത്തീകരിച്ചു. ആകെ 15990 മീറ്റർ കാന നിർമ്മാണത്തിൽ 10708 മീറ്റർ 5 കോടി രൂപ ചെലവഴിച്ച് പൂർത്തിയാക്കി.10 പ്രവൃത്തികൾ വിവിധ കരാറുകാരും 2 വലിയ പദ്ധതികൾ ഊരാലുങ്കൽ ലേബർ കോൺട്രാക്ടർ കോ ഓപ്പറേറ്റീവ് സൊസൈറ്റിയും നടപ്പാക്കുന്നു.

d)Urban Transportation

33.17 കോടി അടങ്കലുള്ള പദ്ധതി ഊരാലുങ്കൽ ലേബർ കോൺട്രാക്ടർ കോ ഓപ്പറേറ്റീവ് സൊസൈറ്റിയാണ് ചെയ്യുന്നത്.

ഇതിൽ 2 പ്രോജക്ടുകളാണ് ഉള്ളത്.

1)നടപ്പാത നിർമ്മാണം

20% പ്രവൃത്തികൾ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്.10712 മീറ്റർ നടപ്പാതയാണ് നിർമ്മിക്കുവാനുള്ളത്.മാർച്ച് 2020 ന് പദ്ധതി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

2)മൾട്ടിലെവൽ കാർ പാർക്കിംഗ്

25കോടി അടങ്കലിൽ മൾട്ടിലെവൽ വാഹനപാർക്കിംഗ് സൗകര്യം

നിർമ്മിക്കുന്നു.പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

e) Green Space and Park

5.50കോടി രൂപ അടങ്കൽ ഉള്ള പദ്ധതിയാണ്.6 പാർക്കുകൾ നിർമ്മിക്കുന്നതിൽ 2എണ്ണം ആരംഭിച്ചു.4 എണ്ണം ആരംഭിച്ചിട്ടില്ല.2 പ്രവൃത്തികൾ മണപ്പുറം കൺസ്ട്രക്ഷൻസും 4 എണ്ണം ഊരാലുങ്കൽ ലേബർ കോൺട്രാക്ടർ കോ ഓപ്പറേറ്റീവ് സൊസൈറ്റിയും ആണ് ചെയ്യുന്നത്.

അമൃത് പദ്ധതിക്കായി ആകെ 907684187 രൂപ ചെലവഴിച്ചിട്ടുണ്ട്.

നാളിതുവരെ ലഭ്യമായ ഫണ്ടിന്റെ വിവരം

| സ്രോതസ് | തുക |
| --- | --- |
| കേന്ദ്രസർക്കാർ | 479240206 |
| സംസ്ഥാനസർക്കാർ | 287544124 |
| നഗരസഭ | 125922182 |

വിവിധ പദ്ധതികൾ 2020 ൽ പൂർത്തീകരിക്കുമെന്നാണ് നഗരസഭ അറിയിച്ചിട്ടുള്ളത്.

## 1-45 ഹയർ സെക്കന്ററി തുല്യതാ കോഴ്സിനു ഫീസ് നൽകൽ- രേഖകൾ ഹാജരാക്കിയിട്ടില്ല- 112500രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ-SO 15/19

ട്രഷറി ബിൽനമ്പർ-1/18.3.19-102500 രൂപ

2/26.3.19-10000 രൂപ

പ്രിൻസിപ്പൽ ജി.എച്ച്.എസ്.എസ് ചാവക്കാട് നടപ്പാക്കിയ ഹയർസെക്കന്ററി തുല്യതാ കോഴ്സിനു ഫീസ് നൽകല് പ്രോജക്ട് പ്രകാരം 45 വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ ഫീസ് ,കോഴ്സ് ഫീസ് ഇനത്തിൽ 2500രൂപ വീതം 112500രൂപ ചെലവഴിച്ചിട്ടുണ്ട്.ഹാജർ പുസ്തകം പരിശോധിച്ചതിൽ നിന്നും 17 വിദ്യാർത്ഥികൾ കോഴ്സിനു തീരെ ഹാജരാകാത്തതായി കാണുന്നു. കൂടാതെ വിദ്യാർത്ഥികൾ പരീക്ഷയിൽ പങ്കെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.ക്ലാസ്സിനു തീരെ ഹാജരാകാത്ത കുട്ടികൾക്കു വേണ്ടി തുക ചെലവഴിച്ചതിനും രേഖകൾ ഹാജരാക്കാത്തതു സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ19/20.12.19) മറുപടി ലഭ്യമാക്കിയിട്ടില്ല.ക്ലാസ്സിനു തീരെ ഹാജരാകാത്ത കുട്ടികൾക്കു വേണ്ടി തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും വിദ്യാർത്ഥികൾ പരീക്ഷയിൽ പങ്കെടുത്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതുമാണ്.അപാകതകൾ പരിഹരിക്കുന്നതു വരെ ഈയിനത്തിൽ ചെലവഴിച്ച 112500രൂപരൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 1-46 ആധുനിക രീതിയിലുള്ള ശ്രവണ സഹായികൾ വാങ്ങുന്നതിനും മെയിന്റനൻസ് നടത്തുന്നതിനും വേണ്ടിയുള്ള ധനസഹായം-ചെലവ് രേഖകളുടെ അഭാവത്തിൽ 139040 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ-SO 50/19

നിർവഹണഉദ്യോഗസ്ഥ- ഐ.സി.ഡി.എസ്.സൂപ്പർവൈസർ

ട്രഷറി ബിൽനമ്പർ-63/28.3.19-139040 രൂപ

മേൽപ്രോജക്ട് പ്രകാരം ദി കേരളാ സ്റ്റേറ്റ് ഹാൻഡിക്യാപ്പ്ഡ് പേഴ്സൺസ് വെൽഫെയർ കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും ഇൻവോയ്സ് നമ്പർ 296/15.3.19 പ്രകാരം BTE channel free programmable hearing aid for moderate to profound -16 എണ്ണം വിതരണം നടത്തിയിട്ടുണ്ട്.

അപാകതകൾ ചുവടെ പറയുന്നു.

1.അപേക്ഷകൾ ഹാജരാക്കിയിട്ടില്ല

2.വാർഡുസഭ അംഗീകരിച്ചതിന്റെ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല.

3.സംഗീത.കെ.എസ്,സിനാൻ വിലങ്ങാട്ടിൽ കോട്ടപ്പടി , പാർവതി പ്രകാശ് അതിരിങ്കൽ ഹൗസ്, താമരയൂർ എന്നിവർ ഉപകരണം കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

അപാകതകൾ പരിഹരിക്കുന്നതു വരെ ഈയിനത്തിൽ ചെലവഴിച്ച 139040 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-47 മനക്കണ്ണ് -(വനിത)-പദ്ധതി ചെലവ് രേഖകളുടെ അഭാവത്തിൽ 187600 രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ-SO 179/19

നിർവഹണഉദ്യോഗസ്ഥ- ഐ.സി.ഡി.എസ്.സൂപ്പർവൈസർ

ട്രഷറി ബിൽനമ്പർ-45/28.3.19-187600 രൂപ

4 ഗുണഭോക്താക്കൾക്ക് Braily laptop, printer, scanner എന്നിവ വാങ്ങി വിതരണം ചെയ്യുക എന്നതായിരുന്നു പ്രോജക്ട്.

അപാകതകൾ

1.തെരഞ്ഞെടുത്ത ഗുണഭോക്തൃലിസ്റ്റ് വാർഡുസഭയിൽ അംഗീകരിച്ചതായി കാണുന്നില്ല.

2. ഫർഹാന.പി.എൻ, പുത്തൻതെരുവിൽ പുല്ലൂറ്റ് ,കൊടുങ്ങല്ലൂർ

ഹാജിറ പള്ളിക്കൽ വീട് തിരുത്തി കൊടുഞ്ഞി,നന്നമ്പ്ര

സാഹിറ.എ.പി.,അറപ്പറമ്പിൽ , കുറ്റൂർ.പി.ഓ ,മലപ്പുറം

നാദിയ .ഓ.എം, പണിക്കവീട്ടിൽ ,താമരത്ത് ,ഒരുമനയൂർ.

എന്നീ ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ ഉള്ളവരല്ല എന്നാണ് അപേക്ഷയിൽനിന്നും വ്യക്തമാകുന്നത്.

3.ഹാജിറ പള്ളിക്കൽ വീട് തിരുത്തി ,കൊടുഞ്ഞി നന്നമ്പ്ര എന്നവർ ലാപ്പ്ടോപ്പ് കൈപ്പറ്റിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും രേഖകൾ ഹാജരാക്കേണ്ടതുമാണ്.അതു വരെ ഈയിനത്തിൽ ചെലവഴിച്ച 187600 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 1-48 വിവിധ പ്രവൃത്തികൾക്കായി അനുവദിച്ച മുൻകൂർ തുകകൾ ക്രമീകരിക്കാത്തത് - നിലവിലുള്ള നിയമവ്യവസ്ഥക്ക് വിരുദ്ധം

സർക്കാർ ഉത്തരവ് ജി.ഒ(പി)490/2011 തീയതി 07.03.11 പ്രകാരം വിവിധ പ്രവൃത്തികൾക്കായി നൽകുന്ന മുൻകൂർ തുകകൾ പ്രവൃത്തി നടന്ന് മൂന്ന് മാസത്തനുള്ളിൽ ക്രമീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. അല്ലാത്ത പക്ഷം പതിനെട്ട് ശതമാനം പലിശ സഹിതം തിരിച്ച് പിടിക്കേണ്ടതാണ്.
എന്നാൽ ഓഡിറ്റിന്റെ പരിശോധനയിൽ മൂന്നര വർഷത്തിലേറെ കാലം പഴക്കമുള്ള മുൻകൂർ തുകകൾ ഇപ്പോഴും ക്രമീകരിച്ചിട്ടില്ലെന്ന് കാണുകയുണ്ടായി. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | തീയതി | കക്ഷിയുടെ പേര് | തുക | അഡ്വാൻസിന്റെ വിവരം |
|---|---|---|---|---|
| 1 | 05.05.16 | പി.കെ ജയാനന്ദൻ, PWD | 5000 | ക്രിമറ്റോറിയത്തിലെ കെട്ടിടത്തിൽ ഇലക്ട്രിക്കൽ കണക്ഷൻ പുനസ്ഥാപിക്കുന്നതിനും മോട്ടോർ പുനസ്ഥാപിക്കുന്നതിനും |
| 2 | 05.05.16 | വി.പോൾ | 2500 | നഗരസഭ അഗതി |

| | | | | |
|---|---|---|---|---|
| | | തോമാസ് | | മന്ദിരം, സെപ്റ്റിക് ടാങ്ക്, കുഴൽ കിണർ റിപ്പയർ |
| 3 | 11.05.16 | പി.കെ ജയാനന്ദൻ, PWD | 5000 | നിയമസഭ ഇലക്ഷൻ ബൂത്ത് സജ്ജികരിക്കൽ |
| 4 | 02.07.16 | വി.പോൾ തോമാസ് | 2500 | നഗരസഭ വാർഡ്-5 തെങ്ങ് മുറിച്ച് മാറ്റുന്നതിന് |
| 5 | 15.07.16 | വി.വി രാജീവ്, AFD, കൃഷിഭവൻ | 100000 | സാക്ഷ്യപത്രം 2016 |
| 6 | 27.10.16 | ഡോ.ലസിത.കെ, മെഡിക്കൽ ഓഫീസർ, പൂക്കോട് | 7000 | PHC ലാബിലേക്ക് ലിവർ ഫക്ഷൻ ടെസ്റ്റിനായുള്ള പരിശോധന കിറ്റ് വാങ്ങുന്നതിന് |
| 7 | 07.11.16 | കെ.രാജീവൻ, JHI | 10000 | പ്ലാസ്റ്റിക് മാലിന്യങ്ങൾ തരംതിരിച്ച് വാങ്ങുന്നതിന് പ്ലാസ്റ്റിക് ബാഗ് വാങ്ങൽ |
| 8 | 19.12.16 | മിസ്.ഷാജിത, കൗൺസിലർ | 5000 | വാർഡ് തല ശുചീകരണത്തിന് |
| 9 | 21.01.17 | പി.കെ ജയാനന്ദൻ, PWD | 6750 | 22-ാം വർഡ്, 105-ാം നമ്പർ അംഗനവാടി രജിസ്ട്രേഷൻ |
| 10 | 27.01.17 | പി.കെ ജയാനന്ദൻ, PWD | 13650 | 38-ാം വർഡ്, 109-ാം നമ്പർ അംഗനവാടി രജിസ്ട്രേഷൻ |

ഇത്രയും കാലമായിട്ടും മേൽ തുകകൾ ക്രമീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതും മേൽ തുകകൾ എത്രയും പെട്ടെന്ന് ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-49 കുറഞ്ഞനിരക്കിലുള്ള ടെണ്ടറുകളുടെ നിരാസം - ഉദ്യോഗസ്ഥർ ശരിയായ നടപടികൾ എടുത്തില്ല.

ടെണ്ടർ നോട്ടീസ് നം.E1-18279/12 തീ.08.06.18 പ്രകാരം 69 പൊതുമരാമത്ത് പ്രവൃത്തികൾക്ക് അംഗീകൃത കരാറുകാരിൽനിന്നും മത്സരാധിഷ്ഠിത ദർഘാസുകൾ ക്ഷണിച്ചിട്ടുണ്ട്. ഇതിൽ 43 സാധാരണ ടെണ്ടറുകളും 26 ഇ-ടെണ്ടറുകളുമാണ്.

മേൽ ടെണ്ടർ നോട്ടീസ് പ്രകാരം 69 പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ചതിൽ 3 പ്രവൃത്തികൾക്ക് 2വീതം ടെണ്ടറുകൾ ലഭിക്കുകയും എന്നാൽ 18.07.18-ലെ 12-ാംനം. നഗരസഭാ കൗൺസിൽ തീരുമാനപ്രകാരം ലഭിച്ച ടെണ്ടറുകൾ നിരസിക്കുകയും ചെയ്തതായി കാണുന്നു. തുടർന്ന് ഇ1-18279/17 തീ.21.08.18 നമ്പരിലുള്ള ടെണ്ടർ നോട്ടീസ് പ്രകാരം മേൽ പ്രവൃത്തികൾക്ക് റീ-ഇ-ടെണ്ടർ ക്ഷണിക്കുകയും താഴെ ചേർത്ത രീതിയിൽ ടെണ്ടറുകൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

| പ്രവൃത്തിയുടെ പേര് | ടെണ്ടർ | റീ ടെണ്ടർ |
|---|---|---|
| ദേവസ്വം ഇംഗ്ലീഷ് മീഡിയം സ്കൂളിന് സമീപമുള്ള ലിങ്ക് റോഡിൽ കാനയും റോഡ് കോൺക്രീറ്റിങ്ങും (വാർഡ് നം.19)<br><br>അടങ്കൽ 8,10,000 | i)ഉണ്ണിക്കൃഷ്ണൻ കെ. Rs.7,81,655.95<br><br>ii)രവീന്ദ്രൻ സി.എസ്. Rs.8,08,912.11 | i)വിനോദ്കുമാർ C.P. Rs.7,89,025.82<br><br>ii)സുഭാഷ്കുമാർ സി.പി. Rs.8,13,729.72 |

| | | |
|---|---|---|
| മമ്മിയൂർ കോൺവെന്റ് റോഡിൽ കാനയും കവർസ്ലാബും(വാർഡ് നം.15)<br>അടങ്കൽ 800,000 | i)ഉണ്ണിക്കൃഷ്ണൻN.K Rs.7,99,474.86<br>ii)ഫിറോസ് P.M. Rs.7,83,905.61 | റീ-ഇ-ടെണ്ടറിൽ ടെണ്ടറുകൾ ലഭിച്ചില്ല. ശ്രീ. പി.സുനിൽകുമാർ സമർപ്പിച്ച എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 2% കുറവുള്ള ഓഫർ സ്വീകരിച്ചു. (23.10.18-ലെ 18-ാം നം.കൗൺസിൽ തീരുമാനം) |
| E.K.നായനാർ റോഡിൽ കാന നിർമ്മാണം(വാർഡ് നം.17)<br>അടങ്കൽ 8,00,000 | i)രവീന്ദ്രൻ സി.എസ്. Rs.7,78,641.93<br>ii)ഫിറോസ് P.M. Rs.7,99,681.74 | i)വിനോദ്കുമാർ C.P. Rs.7,74,976.05<br>ii)സുഭാഷ്കുമാർ സി.പി. Rs.8,05,002.42 |

പ്രത്യേക കാരണമൊന്നും കൂടാതെ ലഭിച്ച ടെണ്ടറുകൾ നിരസിച്ചതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.8) ലാഭകരമായ കോൺക്രീറ്റ് പ്രവൃത്തികൾ മാത്രം ഏറ്റെടുത്ത് ചെയ്യുമ്പോൾ ടാറിങ്ങ് പ്രവൃത്തികൾ ഏറ്റെടുക്കാൻ ആളില്ലാത്ത അവസ്ഥ ഉണ്ടാകുമെന്നതിനാലായിരിക്കും ഇത്തരത്തിൽ കൗൺസിൽ തീരുമാനം ഏറ്റെടുക്കുന്നതിനുള്ള സാഹചര്യം ഉണ്ടായത് എന്ന മറുപടിയാണ് ലഭിച്ചത്. എന്നാൽ മിനിറ്റ്സ് പരിശോധിച്ചതിൽ നിന്നും കൗൺസിൽ മീറ്റിങ്ങിൽ മുനിസിപ്പൽ എഞ്ചിനിയർ ഹാജരുണ്ടായിരുന്നെങ്കിലും ഇത്തരമൊരു തീരുമാനം എടുത്തതിനെതിരെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയതായി കാണുന്നില്ല. കൗൺസിൽ തീരുമാനം, നിലവിലുള്ള നിയമങ്ങൾക്ക് എതിരാണെങ്കിൽ അത് അത്തരത്തിൽ കൗൺസിലിനെ ധരിപ്പിക്കേണ്ട അധികാരികളുടെ ഇത്തരത്തിലുള്ള സമീപനം നഗരസഭയുടെ പദ്ധതിനിർവ്വഹണത്തിന് ഭൂഷണമല്ല. അധികാരികളുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-50 ദാരിദ്ര്യ ലഘൂകരണഫണ്ട് - രൂപീകരിക്കാത്തത് സംബന്ധിച്ച്

1997-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 284 പ്രകാരം ഓരോ മുനിസിപ്പാലിറ്റിയും അതിന്റെ വാർഷിക ബഡ്ജറ്റിൽ , മുനിസിപ്പൽ പ്രദേശത്ത് ദാരിദ്ര്യ ലഘൂകരണ പരിപാടികൾ നടപ്പാക്കുന്നതിനായി റവന്യൂ വരുമാനത്തിന്റെ 2% ദാരിദ്ര്യ ലഘൂകരണഫണ്ട് എന്ന പേരിൽ ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കുന്നതിനായി നൽകേണ്ടതും അത് അതതു സമയം സർക്കാർ നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി വിനിയോഗിക്കേണ്ടതുമാണ്.

നഗരസഭയുടെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽനിന്നും നിയമമനുസരിച്ച് ഫണ്ട് രൂപീകരിച്ചതായി കാണുന്നില്ല. ഫണ്ട് രൂപീകരിച്ച് ചെലവുചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26) മറുപടി ലഭിക്കുകയുണ്ടായില്ല.

നിയമപ്രകാരമുള്ള നടപടികളെടുക്കാൻ നഗരസഭാ കൗൺസിൽ, ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-51 ടെണ്ടർ നടപടിക്രമങ്ങൾ - നിയമനിഷ്ക്കർഷ പാലിക്കാത്തത് സംബന്ധിച്ച്

1997-ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും)ചട്ടങ്ങളിലെ ചട്ടം10(11) പ്രകാരം ടെണ്ടറുകൾ സ്വീകരിക്കുന്നതിന് അധികാരപ്പെട്ട അധികാരസ്ഥാനം ടെണ്ടറുകൾ തുറന്ന തീയ്യതി മുതൽ 10 ദിവസത്തിനകം അവയിൽ തീരുമാനമെടുക്കേണ്ടതാണ്. എന്നാൽ ഗുരുവായൂർ നഗരസഭയുടെ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടിക്രമങ്ങളിൽ ചട്ടങ്ങളിൽ നിഷ്ക്കർഷിക്കുന്ന മേൽ വ്യവസ്ഥകൾ പിൻതുടർന്നതായി കാണുന്നില്ല. ഉദാഹരണത്തിന് തമ്പുരാൻപടി ജംഗ്ഷനിലെ പഴയ റോഡ് ഉയർത്തി റീ-ടാറിങ്ങ് (വാർഡ്-35)(so-062/19) പദ്ധതിക്കായി ടെണ്ടർ നോട്ടീസ് E1-18279/12 തീ.07.07.18 പ്രകാരം ടെണ്ടറുകൾ ക്ഷണിച്ചതിൽ രണ്ട് ടെണ്ടറുകൾ ലഭിക്കുകയും അവ 25.07.18-ന് തുറക്കുകയും ചെയ്തിട്ടുണ്ട്. ടെണ്ടറുകൾ തുറന്ന് 19ദിവസത്തിനുശേഷം, കൗൺസിൽ തീരുമാനം 12/13.08.18 പ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ.രഘുനാഥ് K.P.യുടെ ടെണ്ടർ അംഗീകരിച്ചതായി കാണുന്നു.

ടെണ്ടർ നടപടിക്രമങ്ങൾ ചട്ടങ്ങളിൽ നിഷ്ക്കർഷിക്കുന്ന തരത്തിലല്ലാത്തതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30), നഗരസഭ കൗൺസിലിന്റെ 26.07.2018-ലെ അടിയന്തിര യോഗത്തിന്റെ അജണ്ട ഇറങ്ങുന്നതിന് മുൻപായി ടെണ്ടർ വിവരങ്ങൾ ക്രോഡീകരിച്ച് അജണ്ട തയ്യാറാക്കുകയെന്നത് അപ്രായോഗികമായിരുന്നുവെന്ന മറുപടിയാണ് ലഭിച്ചത്. എന്നാൽ ചട്ടങ്ങളിലെ നിയമനിഷ്ക്കർഷകൾ പാലിക്കുകയെന്നത് അനിവാര്യമായതിനാൽ ഇത്തരത്തിലുള്ള വിഷയങ്ങളിൽ അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# <u>ഭാഗം -2</u>

# <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുളള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 കെട്ടിട നിർമ്മാണ പെർമിറ്റ് - ക്രമവത്കരണ ഫീസ് കുറവ് ഈടാക്കി

ഫയൽ നം ഇ 2/1691819/18

മുഹമ്മദ് ഹനീഫ & ആയിഷ , വലിയകത്ത് എന്നവരുടെ ഉടമസ്ഥതയിൽ നിലവിലുള്ള 226.95 M2 കെട്ടിടത്തിനോട് ചേർന്ന് 253.80 ചതുരശ്രമീറ്ററിൽ അസംബ്ലി വിഭാഗത്തിൽ പെടുന്ന കെട്ടിടം പെർമിറ്റ് ഇല്ലാതെ പണിതതിന് ക്രമവത്കരണ ഫീസായി 5080 രൂപ(254x10x2) ഈടാക്കിയിട്ടുണ്ട്. അതായത് പെർമിറ്റ് ഫീസിന്റെ ഇരട്ടി. 11.11.15 ലെ തദ്ദേശ സ്വയംഭരണ (ആർ ഡി)വകുപ്പ് സെക്രട്ടറിയുടെ 229813/ആർ ഡി 2/15/ തസ്വ ഭവ കത്തിൽ ഒരിക്കൽ പെർമിറ്റ് എടുത്ത ശേഷം ആയതിൽ നിന്ന് വ്യതി ചലിച്ച സംഗതികളിൽ ക്രമവത്കരിക്കുമ്പോൾ രാജിയാക്കൽ ഫീസ് മാത്രവും , പെർമിറ്റ് എടുക്കാതെ പൂർണ്ണമായും ക്രമവത്കരിക്കുന്ന കേസുകളിൽ രാജിയാക്കൽ ഫീസും പെർമിറ്റ് ഫീസും ഈടാക്കണെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. മേൽ നിർദ്ദേശപ്രകാരം ക്രമവത്കരണഫീസ് ഈടാക്കിയത് കുറവാണ്. കുറവ് വന്ന 2534 രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്.

# <u>ഭാഗം -3</u>

# <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 യോഗപരിശീലനം - അധിക ഓണറേറിയം നൽകി

നിർവ്വഹണ ഉദ്യോഗസ്ഥ : എച്ച്.എം, ജി.എച്ച്.എസ്
പദ്ധതി നമ്പർ : S0022/19

അടങ്കല്‍ : 1,00,000/-

ഫണ്ട് : വികസനഫണ്ട് (പൊതുവിഭാഗം)

ചെലവ് : 20,000/-

ട്രഷറി ബിൽ : 9/18-19 dt. 20.03.19

എ) സ.ഉ(കൈ) നം. 22/18/തസ്വഭവ തി. 14.02.18 പ്രകാരം യോഗപരിശീലകക്ക് ഒരു സെഷന് 400/- രൂപ നിരക്കിലാണ് ഓണറേറിയം നൽകാവുന്നത്. എന്നാൽ, മേൽ പദ്ധതിയിൽ ഒരു സെഷന് 500/- രൂപ നിരക്കിൽ 30 സെഷനുകൾക്ക് ആകെ 15,000/- രൂപ പരിശീലകയായ ശ്രീമതി.രജനി സുരേഷിന് നൽകിയിട്ടുണ്ട്. അധികം നൽകിയ 3,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.
(ഓഡിറ്റ് എൻക്വയറി നം. 29/21.12.19)

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെല വഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | Transferring Electric Post | 41800161 | 36508 | 36508 | - |
| ,, | ,, | 21800800 | 65512 | 65512 | - |
| ,, | ,, | 21801086 | 28608 | 28608 | - |
| ,, | ,, | 41800167 | 23600 | 23600 | - |
| ,, | ,, | 41800245 | 20126 | 20126 | - |
| ,, | ,, | 21801739 | 810483 | 810483 | - |
| ,, | ,, | 21801819 | 18967 | 18967 | - |

നഗരസഭ ലഭ്യമാക്കിയ വിവരങ്ങളാണ് മുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷികകണക്കിലെ റസീപ്റ്റ് ആന്റ് പേയ്മെന്റ് ഷെഡ്യൂൾ RP-41 പ്രകാരം കെ.എസ്.ഇ. ബി ഡെപ്പോസിറ്റ് തുകയായി കാണിച്ചിരിക്കുന്നത് 967296 രൂപയും തൻവർഷം ക്രമീകരിക്കുവാൻ ബാക്കിയുള്ളതായി ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരം 1100810രൂപയുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ലഭ്യമാക്കിയ കണക്കുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ (PMAY) | | 18400000 | - | - | - | 18400000 |
| സംസ്ഥാന സർക്കാരിൽ നിന്നുള്ള വായ്പ | | 1611400 | - | - | - | 1611400 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | | |
|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 20,000 |
| 2 | തൻവർഷം നിക്ഷേപിച്ച തുക | - |
| 3 | ആകെ | 20,000 |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | - |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 69,063 |

വാർഷികകണക്ക് ബി-12 ഷെഡ്യൂൾ പ്രകാരം 569063/- രൂപ സ്ഥിരനിക്ഷേപമുണ്ട്. ലഭ്യമാക്കിയ വിവരങ്ങൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തുന്നില്ല.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ/ തീയതി |
|---|---|---|---|---|
| 2017-18 | 3-25 | 664/- | രേഖ വി.എസ്., എൽ.ഡി.സി. | Rt.No.11900-105587, 29/08/2019 |
| 2017-18 | ” | 5453/- | നിഷ എം.ആർ., എൽ.ഡി.സി. | Vr.No.82/08, 17/08/19 |

## 4-7 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 1,16,88,72,572 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 1,07,30,34,696 |
| വരവിനങ്ങളിലുള്ള നഷ്ടം | 2,534 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12,94,140 |

(ബി). **<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-25 | 2534 | - | വി പി ഷിബു, സെക്രട്ടറി |
| 1-37 | - | 3000 | ഉഷ, എച്ച്.എം, ജി.എച്ച്.എസ് |
| ആകെ | 2534 | 3000 | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-37 | 5000 | ഉഷ, എച്ച്.എം, ജി.എച്ച്.എസ് |
| 1-38(ബി) | 65000 | ഉഷ, എച്ച്.എം, ജി.എച്ച്.എസ് |
| 1-41 | 785000 | ശ്രീജ, പട്ടികജാതി വികസന ഓഫീസർ |
| 1-45 | 112500 | ബീന, പ്രിൻസിപ്പൽ ജി.എച്ച്.എസ്.എസ് |
| 1-46 | 139040 | സബിത, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 1-47 | 187600 | സബിത, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| ആകെ | 12,94,140 | |

സി) **<u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

**ഇല്ല**

(ഡി) **<u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

**ഇല്ല**

(ഇ) **<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേര്, ഉദ്യോഗപ്പേര് | ഇപ്പോഴത്തെ മേൽവിലാസം (ഓഡിറ്റ് നടന്ന സമയം) | സ്ഥിരം മേൽവിലാസം |
|---|---|---|
| വി പി ഷിബു, സെക്രട്ടറി | സെക്രട്ടറി, ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി | വട്ടക്കുന്നിൽ ഹൗസ്, വാരപ്പെട്ടി, മൂവാറ്റുപുഴ |
| ഉഷ, എച്ച്.എം, ജി.എച്ച്.എസ് | എച്ച്.എം, ജി.എച്ച്.എസ് | മുല്ലത്തടത്തിൽ ഹൗസ്, മുണ്ടൂർ പി.ഒ. പഴയങ്ങാടി, തൃശ്ശൂർ |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ലഭ്യമല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 68-69 | എൽഎഫ്. 2825/ ഇ2(1)70/07.04 |
| 72-73 | എൽ.എഫ് .5176ഇ2 (1)74/ 20.10.77 |
| 73-74 | എൽ.എഫ്. 2963ഇ 2 (1)75/12.11.75 |
| 74-75 | എൽ.എഫ്. 3243ഇ2 (1)76/15.7.76 |
| 75-76 | എൽ.എഫ്.1642 ഇ2 (1)77/2.7.79 |
| 76-77 | എൽ. എഫ്. 3337.ഇ2 (1)78/23.7.79 |
| 77-78 | എൽ.എഫ്.ടി-4-394/80/8.4.80 |
| 78-79 | എൽ. എഫ്.ടി-4- 1368/812.11.81 |
| 79-80 | എൽ. എഫ്.ടി-4-2098/82/ 25.1.83 |
| 80-81 | എൽ. എഫ്.ടി-4-2520/83 / 21.1.84 |
| 81-82 | എൽ.എഫ്.ടി-4-766/87.28.3.84 |
| 82-83 | എൽ.എഫ്.ടി-4-1214/89/16.8.90 |
| 83-84 | എൽ.എഫ്.ടി-4-1548/90/31.1.91 |
| 84-85 | എൽ.എഫ്.ടി-4-1286/91/6.10.91 |
| 85-86 | എൽ.എഫ്.ടി-4-43/93/20.11.93 |
| 86-87 | എൽ.എഫ്.ടി-4-595/94/24.2.95 |
| 88-89 | എൽ.എഫ്.ടി-4-2014/9531.3.97 |
| 89-90 | എൽ.എഫ്.ടി-4-1020/97/7.10.97 |
| 96-97ചെലവ് | എൽ.എഫ്.ടി-4-1025/97/15.4.98 |
| 96-97 വരവ് | എൽ.എഫ്.ടി-4-994/2001/ 24.11.01 |
| 91-92മുതൽ 95-96വരെ | എൽ.എഫ്.ടി-4-1780/7/10.9.09 |
| 97-98ചെലവ് | എൽ.എഫ്.ടി-4-568/00/3.8.00/ 30.11.00 |
| 97-98വരവ് | എൽ.എഫ്.ടി-4-1779/08/10.9.09 |
| 98-99ചെലവ് | എൽ.എഫ്.ടി-4-1209/01/ 12.2.01/ 28.6.02 |
| 98-99ചെലവ് | എൽ.എഫ്.ടി-4-1458/0810.9.09 |
| 99-2000ചെലവ് | എൽ.എഫ്.ടി-4-1612/02/3.10.02 |
| 99-2000വരവ് | എൽ.എഫ്.ടി-4-1459/07/ 11.11.07 |
| 2000-01 | എൽ.എഫ്.ടി-4-1461/04/4.3.03 |
| 01-02 വരവ് | എൽ.എഫ്.ടി-4-687/01./5.6.2010 |
| 01-02ചെലവ് | എൽ.എഫ്.ടി-4-1409/0518.5.06/ 17.7.06 |
| 02-03ചെലവ് | എൽ.എഫ്.ടി-4-475/07/8.10.07/ 16.2.08 |
| 02-03വരവ് | എൽ. എഫ്.ടി-4-688/09/5.6.10 |
| 03-04വരവ് | എൽ.എഫ്.ടി-4-689/09/26.6.10 |
| 04-05 വരവ് | എൽ.എഫ്.ടി-4-690/09/26.6.10 |
| 05-06 വരവ്-ചെലവ് | എൽ.എഫ്.ടി-4-691/09/29.6.10 / 31.3.11 |
| 06-07 | എൽ.എഫ്.ടി 4-117/2011/ 10.11.11. |
| 07-08 | എൽ.എഫ്.ടി.എം.-118/11/ 10.11.11 |
| 08-2009 | എൽ.എഫ്.ടി.എം.-2610/11/ 25.6/12/3.10.12 |

| | |
|---|---|
| 2009-2010 | എൽ.എഫ്.ടി.എം.-2611/11/ 25.6.12/3.10.12 |
| 2011-2012 | എൽ.എഫ്.ടി.എം.150/1230.6.12/ 8.8.12 |
| 2011-12 | എൽ.എഫ്.ടി.എം.77/2013/ 13.413/2.9.13 |
| 2012-13 | എൽ.എഫ്.ടി.എം.836/14 തിയതി.04.02.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ(എം) 1434/15 തി. 16.11.2015/ 05.01.2016 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(എം) 1402/116 തി. 09.08.2016. |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(എം) 56/2017 തി. 31.01.2017. |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(എം) 1723/2017 തി. 05.12.2017 |
| 2017-18 | നം.കെ.എസ്.എ.ടി.എസ്.ആർ.(എം)837/19 തീ. 10.07.19 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശൂർ.

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 – ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295(4)-ാം വകുപ്പ് ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും, നഗരപാലികാസ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ ഗുരുവായൂർ നഗരസഭയുടെ 31.03.2019ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റുമെന്റിന്റെ ഓഡിറ്റ് നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഗുരുവായൂർ നഗരസഭയുടെ 2018-19 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

# അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
|---|---|

| | |
|---|---|
| ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ബാലൻസ് ഷീറ്റ് | |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ